# ശാംഭവി

ത്രൈമാസിക

**Book 9 | April - June 2020 | Edition 2**



# പത്രാധിപക്കുറിപ്പ്

ന ത്വഹം കാമയേ സ്വർഗ്ഗം
ന രാജ്യം നാപുനർഭവം
കാമയേ ദുഃഖതപ്താനാം
പ്രാണിനാം ആർത്തിനാശനം

ഈ സുഭാഷിതാശയം എന്നും വളരെ പ്രസക്തമാണ്. ആദ്യം ആശയം എന്തെന്നു നോക്കാം. രന്തിദേവൻ എന്ന ഭാരതത്തിലെ ഒരു രാജാവ് വളരെക്കാലം മഴ പെയ്യാതെ ക്ഷാമം പിടിപ്പെട്ടപ്പോൾ ആവുന്നത്ര ജനങ്ങളെ സംരക്ഷിച്ചുപോരുകയും ചെയ്തു. എന്നാൽ കുനിന്മേൽ കുരു എന്നപോലെ രാജ്യം ശത്രുക്കളാൽ ആക്രമിക്കപ്പെട്ടുകയും ചെയ്തപ്പോൾ ഗത്യന്തരമില്ലാതെ രാജ്യത്തുനിന്ന് ഓടി കാട്ടിൽ അഭയം പ്രാപിച്ചു. അവിടെ വച്ച് തീവ്രമായ ഈശ്വരസ്മരണയാൽ ഈശ്വരദർശനം ഉണ്ടാവുകയും എന്തു വേണമെന്ന് ഈശ്വരൻ ചോദിച്ചപ്പോൾ അദ്ദേഹം ഈശ്വരനോട് പ്രാർത്ഥിച്ചത് ഇപ്രകാരം 'ഞാൻ സ്വർഗ്ഗം ആഗ്രഹിക്കുന്നില്ല. രാജ്യവും ആഗ്രഹിക്കുന്നില്ല. മോക്ഷംപോലും ആഗ്രഹിക്കുന്നില്ല. ദുഃഖംകൊണ്ട് പീഡിതരായ പ്രാണികളുടെ ദുഃഖനാശം മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്.'

ഏതൊരു കാലത്തും (രാജുക്കന്മാരുടെ) സാമൂഹ്യപ്രവർത്തകരുടെയും രാഷ്ട്രീയകാരുടെയും ചിന്തയും പ്രവൃത്തിയും ഇതുപോലെയായിരിക്കണം എന്നു നാം ആഗ്രഹിച്ചുപോകുന്നു. പ്രത്യേകിച്ച് ഈ കോവിഡ് കാലത്ത് ഒരു യുദ്ധസമാനത നമുക്ക് അനുഭവപ്പെടുന്നു. തനിക്ക് എന്തു സംഭവിക്കും എന്നത് ഒരു വിഷയമല്ല ഇങ്ങനെയുള്ളവർക്ക് (രന്തിദേവനെപ്പോലുള്ളവർക്ക്). മാത്രമല്ല ദാരിദ്ര്യവും രോഗബാധയും ഉണ്ടാകുമ്പോഴാണ് ശത്രുരാജ്യം ആക്രമിക്കുക. ഈയ്യിടുത്താണല്ലോ ചൈന ലഡാക്കിന്റെ വശത്തുകൂടി നമ്മളെ ആക്രമിക്കാൻ തുനിഞ്ഞത്. ഇത്തരത്തിലുള്ള അവസ്ഥയിൽ യഥാർത്ഥ രാജ്യസ്നേഹം രന്തിദേവനെപ്പോലുള്ള രാഷ്ട്രനായകർ പ്രകടമാക്കേണ്ടതാണ്. തനിക്ക് എന്ത് അപവാദം ഉണ്ടാകുമെന്നോ തനിക്ക് ജീവഹാനി സംഭവിക്കുമോ എന്നൊന്നും നോക്കാതെയാണ് ധീരമായി പ്രവർത്തിക്കേണ്ടത് എന്ന് ശ്രീകൃഷ്ണപരമാത്മാവിനെപ്പോലുള്ള ഭാരതത്തിലെ അവതാരപുരുഷന്മാർ കാണിച്ചുതന്നിട്ടുമുണ്ട്. ഇങ്ങനെയുള്ള അവസ്ഥയിൽ സാധാരണ പൗരന്മാരായ നമ്മളും നമുക്കു പറ്റുന്നപോലെ പ്രവർത്തിക്കുക. ജനനായകനെ നിഷ്പക്ഷമായി വിലയിരുത്തുക.

പുസ്തകം 9 ലക്കം 2
ഏപ്രിൽ - ജൂൺ 2020

വരിസംഖ്യ സൌജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ് കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

മുഖചിത്രം : മത്സ്യാവതാരം
അർച്ചന ഉണ്ണി കൊണ്ടമറുക്

പുറംചട്ട രൂപകല്പന
ഉണ്ണി കൊണ്ടമറുക്

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ

മുദ്രണം
മമ ഓഫ് സെറ്റ് പ്രിന്റ്
നട, **ഇരിങ്ങാലക്കുട**

# വിഷയവിവരം

1. ശ്രീപൂർണ്ണത്രയീശസ്തോത്രം
2
2. സംസ്കൃതപഠനം (41)
10
3. കുട്ടികളുടെ വാല്മീകിരാമായണം (22)
13
4. ഭഗവദ്ഗീതാ - ഒരു പുനർവായന (21)
15
5. ലളിതാസഹസ്രനാമം (31)
18
6. ഔഷധസസ്യങ്ങൾ (28)
പനിക്കൂർക്ക
20
7. സ്തുതികുസുമാഞ്ജലി (1)
21
8. നാഗസ്തോത്രം
23
9. കാശ്മീരശൈവസമ്പ്രദായം (8)
26
10. പരമാർത്ഥസാരം (9)
30

# ശ്രീപൂർണ്ണത്രയീശസ്തോത്രം

സമ്പാദക : അപർണ്ണാദേവി എ.

श्री
पूर्णत्रयीश दशविप्रकुमारकैस्तु
विभ्राजमान इह शस्तपुरे स्वनाम्ना ।
सन्तानगोपनविधौ सततं रताय
लक्ष्म्या समेत भवते खलु मे प्रणामाः ॥ 1 ॥

അർത്ഥം : ഇവിടെ സ്വനാമത്താൽ പ്രശസ്തമായ പട്ടണത്തിൽ പത്തു വിപ്രകുമാരന്മാരോടു കൂടെ ശോഭിയ്ക്കുന്നോനെ! ലക്ഷ്മിദേവിയോടു കൂടിയവനെ! അല്ലയോ ശ്രീപൂർണ്ണത്രയീശ! സന്താനസംരക്ഷണപ്രവൃത്തിയിൽ എപ്പോഴും നിരതനായ അങ്ങയ്ക്ക് എന്റെ പ്രണാമങ്ങൾ.

श्री
पूर्णत्रयीश बहुकोटिरविप्रकाश
व्यासस्य रूपधरणेन विभक्तवेद ।
सप्तर्षिपूजित तथैव च व्यासपूज्य
जीयाद् भवान्मम नतिस्तु भवत्पदाभ्याम् ॥ 2 ॥

അർത്ഥം: അനേകകോടിസൂര്യന്മാരുടെതുപോലുള്ള പ്രകാശമുള്ളവനെ! വ്യാസന്റെ രൂപധാരണത്തിലൂടെ വേദങ്ങളെ പകുത്തവനെ! സപ്തർഷിമാരാൽ പൂജിയ്ക്കപ്പെട്ടവനെ! അപ്രകാരം വ്യാസന് പൂജ്യനായവനെ! അല്ലയോ ശ്രീപൂർണ്ണത്രയീശ! അങ്ങയുടെ കാലിണകളിൽ ആകട്ടെ എന്റെ നമസ്കാരം. അങ്ങ് ജയിച്ചാലും.

श्री
पूर्णत्रयीश भगवन् स्वयमर्जुनेन
कुन्तीसुतेन तिलमध्यप्रतिष्ठितोऽसि ।
तेनैव हस्ततलपीडिततैलपूर्णै-
र्दीपैः प्रपूजित तवास्तु मम प्रणामः ॥ 3 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! ഭഗവാനെ ! സ്വയം കുന്തീപുത്രനായ അര്ജ്ജുനനാൽ എള്ളിൻ നടുവിൽ പ്രതിഷ്ഠിയ്ക്കപ്പെട്ടവനാകുന്നു നീ. അവനാൽ തന്നെ കൈത്തലത്താൽ ഞരടിയെടുത്ത എണ്ണനിറഞ്ഞ വിളക്കാൽ പൂജിയ്ക്കപ്പെട്ടവനെ! നിനക്ക് എന്റെ പ്രണാമമാകട്ടെ.

श्री
पूर्णत्रयीश मम नास्ति सुतः सुता वा
देहीति दुःखिजनसेवित देवदेव ।
लब्ध्वापि सन्ततिमहो शिशुरोगपीडा
येषां च तैरपि सुपूजित ते नमोऽस्तु ॥ 4 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! എനിക്ക് പുത്രനോ പുത്രിയോ ഇല്ല ദുഃഖിതജനങ്ങളെ സേവിയ്ക്കുന്നോനെ! ദേവ! ദേവ! നീ പുത്രനെയോ പുത്രിയെയോ തരു. യാതൊരുവർക്ക് സന്താനം ലഭിച്ചിട്ടും അത്യദ്ഭുതം ശിശുരോഗത്താലുള്ള ആധി അവരാലും പൂജിയ്ക്കപ്പെട്ടവനെ! നിനക്ക് നമസ്കാരം.

श्री
पूर्णत्रयीश भवतः खलु पादपीठः
शय्या तथासनमहो जयतादनन्तः ।
ऊर्ध्वं प्रसारितफणैस्तु सहस्रसंख्यै-
स्तेनैव सेवित विभो भवते नमोऽस्तु ॥ 5 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! അത്യദ്ഭുതം, ആയിരക്കണക്കിനുള്ള മുകളിലേയ്ക്ക് നീട്ടിയ ഫണങ്ങളോട്ടുകൂടിയ അങ്ങയുടെ പാദപീഠവും കിടക്കയും അപ്രകാരം ഇരിപ്പിടവുമായ അനന്തൻ ജയിയ്ക്കട്ടെ. അദ്ദേഹത്താൽ (അനന്തനാൽ) തന്നെ സേവിയ്ക്കപ്പെട്ടവനെ! ഹേ സർവവ്യാപി! അങ്ങയ്ക്കായിക്കൊണ്ട് നമസ്കാരം.

श्री
पूर्णत्रयीश सदनन्तपुरे प्रकाश-
स्तत्रासि भक्तजनसेवित पद्मनाभ ।
बिल्वेन मंगलपदोत्तरस्वामिना तु
दृष्टः सतां गतिरथो भगवन्नमस्ते ॥ 6 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! അല്ലയോ ഭക്തജനങ്ങളാൽ സേവിയ്ക്കപ്പെട്ടവനെ! പദ്മനാഭ! അവിടെ സദനന്തപുരത്തിൽ പ്രകാശിക്കുന്ന

വനും ബില്വമംഗലസ്വാമിയാലാകട്ടെ കാണപ്പെട്ടവനും സജ്ജനങ്ങളുടെ ആശ്രയസ്ഥാനവുമാകുന്നു. ഹേ ഭഗവാനെ! നിനക്ക് നമസ്കാരം .

श्री
पूर्णत्रयीश ननु बिल्वमुनिर्भवन्त-
मप्रेक्ष्य सत्वरमनन्तवनं विहाय।
श्रीपूर्णितीरनगरे बहुहस्तिपृष्ठे
क्रीडन्तमाप भगवन्तमहो नमस्ते ॥ 7 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! ബില്വമുനി പെട്ടെന്ന് അങ്ങയെ കാണാഞ്ഞ് അനന്തവനം വെടിഞ്ഞ് തൃപ്പൂണിത്തുറ നഗരത്തിൽ നിരവധി ആനകളുടെ പുറത്ത് കളിയ്ക്കുന്നതായ ഭഗവാനെ പ്രാപിച്ചു. ആശ്ചര്യം! നിനക്ക് നമസ്കാരം.

श्री
पूर्णत्रयीश जगतामवनाय जातो
नारायणोऽसि नरपूजित भक्तबन्धो।
दुष्टान् जनार्दनचणांस्तु निगृह्य ख्यातो
नाम्ना जनार्दन इति प्रभवे नमोऽस्तु ॥ 8 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! ഹേ ഭക്തബന്ധു! നരനാൽ പൂജിയ്ക്കപ്പെട്ടവനെ! ജഗത്തിനെ രക്ഷിയ്ക്കാനായി ജനിച്ച നാരായണനാകുന്നു നീ. ജനങ്ങളെ പീഡിപ്പിയ്ക്കുക വഴി പ്രസിദ്ധരായിതീർന്ന ദുഷ്ടരെ നിഗ്രഹിച്ചിട്ട് ജനാർദ്ദനൻ എന്ന നാമത്താൽ പ്രസിദ്ധനായി. അല്ലയോ പ്രഭോ! നമസ്കാരം.

श्री
पूर्णत्रयीश ननु सत्यपराक्रमोऽसि
पार्थस्य वाक्यमनृतं न भवेदिति त्वम्।
वैकुण्ठतो द्विजसुतानवनिं सुनीय
विप्राय संददिथ ते चरणौ सुवन्दे ॥ 9 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! നീ സത്യപരാക്രമിയല്ലോ! നീ പാർത്ഥന്റെ വാക്യം സത്യമല്ലാത്തതായി ഭവിയ്ക്കരുത് എന്ന് കരുതി വൈകുണ്ഠത്തിൽനിന്ന് ദ്വിജപുത്രന്മാരെ ഭൂമിയിലേയ്ക്ക് കൊണ്ടുവന്ന് വിപ്രന് കൊടുത്തു. നിന്റെ ചരണങ്ങളെ നന്നായി വന്ദിയ്ക്കുന്നു.

श्री
पूर्णत्रयीश भवसागरतारणार्थी
त्वामेव दुःखितजनः श्रयते नितान्तम्।
दृष्ट्वा भवन्तमथ विस्मृतकालदोषो
सद्यः सुखीभवति तेऽस्तु मम प्रणामः ॥ 10 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! ദുഃഖിയും സംസാരസാഗരത്തെ മറികടക്കുവാൻ ആഗ്രഹിക്കുന്നവനും എപ്പോഴും നിന്നെ തന്നെ ആശ്രയിക്കുന്നു. അങ്ങയെ കണ്ടിട്ട് ഉടൻ കാലദോഷത്തെ മറന്ന ജനം സുഖിയായി ഭവിയ്ക്കുന്നു. നിനക്കെന്റെ പ്രണാമം.

श्री
पूर्णत्रयीश सकलामयदोषहारिन्
कृष्णावतारसमये धृतपिंछमौले।
मत्स्यावतारसमये धृतसर्ववेद
मां पाहि सर्वदुरितात्सदयं नमस्ते ॥ 11 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! സകല രോഗദോഷങ്ങളെയെല്ലാം അകറ്റുന്നവനെ! കൃഷ്ണാവതാരത്തിൽ മയിൽപീലി തലയിൽ ചൂടിയവനെ! മത്സ്യാവതാരത്തിൽ സകലവേദങ്ങളെയും ഉദ്ധരിച്ചവനെ! സകലദുരിതങ്ങളിൽനിന്നും സദയം എന്നെ നീ രക്ഷിക്കൂ. നിനക്കെന്റെ നമസ്കാരം.

श्री
पूर्णत्रयीश नु हिरण्यमिवाक्षि यस्य
तं देवशत्रुमह सूकरवेषवन्तम्।
भूमिं स्वघोणमवलम्ब्य निपीडयन्तं
मृत्युं निनेथ भगवन् भवते नमस्ते ॥ 12 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! യാതൊരാൾക്കാണോ ഹിരണ്യംപോലുള്ള അക്ഷികൾ ഉള്ളത് ഭൂമിയെ പീഡിപ്പിയ്ക്കുന്നവനുമായ ആ ദേവശത്രുവിനെ പന്നിവേഷത്തോടുകൂടിയ നീ സ്വന്തം തേറ്റയെ ആശ്രയിച്ചിട്ട് മൃത്യുവിലേയ്ക്ക് നയിച്ചു . ഹേ ഭഗവൻ! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश भवता खलु रक्षितोऽभूत्
प्रह्लादबालक उदात्तमतिः स्वभक्तः।

रोषाद् हिरण्यकशिपोरतिघोरवृत्तेः
धृत्वा नृसिंहवपुरेव भगो नमस्ते ॥ 13 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! ഹിരണ്യകശിപുവിന്റെ അതിഘോര പ്രവൃത്തിയാലുണ്ടായ കോപത്താൽ നരസിംഹരൂപത്തിലുള്ള ശരീരത്തെ ധരിച്ചിട്ട് സ്വഭക്തനും ഉത്കൃഷ്ട ബുദ്ധിയുള്ളവനുമായ പ്രഹ്ളാദനെന്ന ബാലകൻ അങ്ങയാൽ രക്ഷിയ്ക്കപ്പെട്ടവനായല്ലോ, ഹേ ഭഗവൻ! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश बलिनामकदानवेन्द्रः
प्रह्लादपौत्र इति तेऽतिप्रियस्तथापि ।
ऐश्वर्यमत्त इति वामनरूपधारी
त्वं वै शशासिथ तमादिगुरो नमस्ते ॥ 14 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! പ്രഹ്ളാദന്റെ പൗത്രനും ബലി എന്നു പേരുള്ള അസുരശ്രേഷ്ഠൻ നിനക്ക് അതീവ പ്രിയനാണെങ്കിലും ഐശ്വര്യത്താൽ അഹങ്കാരിയാണെന്നതിനാൽ വാമനരൂപധാരിയായ നീ അവനെ ശാസിച്ചു. ആദിഗുരോ! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश भगवन् ननु मूर्तकोपो
रामावतारमहितः परशुं दधानः ।
क्षत्रस्य मानमपि मन्युमपास्य ब्रह्म
धर्मार्थमेव परिपालितवान् नमस्ते ॥ 15 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! കോപം ഉടൽപ്പൂണ്ടവനും രാമാവതാരത്താൽ പൂജിതനും (ശ്രീരാമചന്ദ്രനാൽ പൂജിയ്ക്കപ്പെട്ടവനാണ് അഥവാ പരശുരാമാവതാരത്താൽ പൂജിതനായി.) മഴു എന്നായുധം എടുത്തവനുമായ ബ്രാഹ്മണവംശജൻ (പരശുരാമൻ) അങ്ങ് ക്ഷത്രിയവംശജരുടെ ദുരഭിമാനത്തെ നീക്കി യിട്ട് ധർമ്മത്തിനു വേണ്ടിതന്നെയാണ് കോപത്തെ പരിപാലിച്ചത്. ഹേ ഭഗവൻ! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश ननु विग्रहवान् हि धर्मो
रामो भवान् दशरथस्य सुतः प्रसिद्धः ।

गान्ध्यादिभारतसुनायकसुप्रगीतं
त्वच्छासनं हि प्रथितं खलु रामराज्यम् ॥ 16 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! ദശരഥന്റെ പുത്രനെന്ന് പ്രസിദ്ധനായ അങ്ങ് രാമൻ ധർമ്മം ഉടൽ പൂണ്ടവനാകുന്നു. ഗാന്ധ്യാദി ഭാരതീയ നേതാക്കളാൽ പ്രകീർത്തിയ്ക്കപ്പെട്ട അങ്ങയുടെ ഭരണം രാമരാജ്യമെന്ന് പ്രസിദ്ധ മാണല്ലോ. അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश जगतामतिपीडको यः
सीतां प्रियां तव जहार स रावणाख्यः ।
तं वै निहत्य भुवि तेनिथ सुष्ठु शान्तिं
विष्णो सदावनिपालक ते नमोऽस्तु ॥ 17 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! ലോകത്തിന് ഉപദ്രവകാരിയായ യാതൊരാൾ അങ്ങയുടെ പ്രിയയായ സീതയെ അപഹരിച്ചു അയാൾ രവണനെന്ന് പേരുള്ളവനാകുന്നു. അവനെ കൊന്നിട്ട് ഭൂമിയിൽ സമാധാനം കൊണ്ടുവന്നു. അല്ലയോ വിഷ്ണു ഭഗവാനെ! ലോകപാലക! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश बलराम इति प्रसिद्धो
ज्यायानतीव बलवान् तव रौहिणेयः ।
कृष्णावतारसमये सततं क्रियासु
तेनैव सेवित महेश्वर ते नमोऽस्तु ॥ 18 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! അങ്ങയുടെ അവതാരങ്ങളിൽ കൃഷ്ണനേക്കാൾ മൂത്തതും ബലവാനും ബലരാമനെന്ന് പ്രസിദ്ധനുമായ രോഹിണീപുത്രൻ. കൃഷ്ണാവതാരസമയത്ത് എപ്പോഴും അദ്ദേഹത്താൽ തന്നെ അങ്ങ് സേവിയ്ക്കപ്പെട്ടവനായി. ഹേ മഹേശ്വര! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश जनवन्दित कृष्णनामा
पूर्णावतार इति सर्वजगत्प्रसिद्धः ।
तत्रैव सर्वजनमोहनिवारणाय
गीतोपदेशमकरोर्भगवन् नमस्ते ॥ 19 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! കൃഷ്ണനാമമുള്ളവനും പൂർണ്ണാവതാരമെന്ന് സകലലോകപ്രസിദ്ധനുമായ അങ്ങ് സകലജനങ്ങളുടെയും മോഹമില്ലാതാക്കാനായി ഗീതോപദേശം നടത്തി. ജനങ്ങളാൽ വന്ദിയ്ക്കപ്പെട്ടവനെ! ഹേ ഭഗവൻ! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश ननु दम्भविषं गरीय
आशीविषस्य गरलादपि यत्र द्वन्द्वम्।
तं कालियं विनयनम्रमतो व्यधास्त्वं
बाल्ये च कृष्णवपुषा भगवन् नमस्ते॥ 20॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! നീ ബാല്യത്തിൽ കൃഷ്ണശരീരത്തിലൂടെ വിഷസർപ്പത്തിന്റെ വിഷത്തേക്കാൾ വലുതായ ദംഭം, വിഷം എന്ന രണ്ടും ഉള്ള ആ കാളിയനെ വിനയവും വണക്കവും ഉള്ളവനാക്കി. ഹേ ഭഗവൻ! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश वसुदेवसुतत्वमेत्य
यद्यच्च कर्म कृतवानवनौ तदित्थम्।
सर्वस्य जीविनिवहस्य भयं विनेतुं
धर्मार्थमेव भगवन् सततं नमस्ते॥ 21॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! ഭൂമിയിൽ വസുദേവസുതനായി യാതൊരു യാതൊരു കർമ്മം ചെയ്തുവോ അത് ഇപ്രകാരം എല്ലാ പ്രാണിസമൂഹത്തിന്റെയും ഭയത്തെ ഇല്ലാതാക്കുവാൻ ധർമ്മത്തിനു വേണ്ടി തന്നെയാണ് ചെയ്തത്. ഹേ ഭഗവൻ! എപ്പോഴും അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश तव विग्रहसर्जने यः
शिल्पी न्ययुज्यत स कर्मसमाप्तिकाले।
शिल्पस्य योजनविधौ नितरामशक्त-
स्त्वय्येव लीन इति लोकवचो नमस्ते॥ 22॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! യാതൊരു ശില്പിയെ അങ്ങയുടെ വിഗ്രഹം സൃഷ്ടിയ്ക്കുമ്പോൾ നിയോഗിച്ചുവോ അദ്ദേഹം പണിത്തീരാറായ സമയം അതിന്റെ കൂട്ടിച്ചേർക്കുന്ന വിധിയിൽ അത്യന്തം അശക്തനായി

അങ്ങയിൽ തന്നെ ലയിച്ച് ചേർന്നവനായി എന്ന് ലോകരുടെ വാക്കുകൾ പ്രസിദ്ധമാണ്. ഹേ ഭഗവൻ! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश तव निर्भरभक्तियोगा-
न्नान्यं वृणे पतिमिति स्थिरचित्तवृत्तिः ।
नेङ्ङम्मनाम वनिता तु वरं निरस्य
त्वय्येव लीनवपुरास्त भगो नमस्ते ॥ 23 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! അങ്ങയിലുള്ള അത്യന്തഭക്തിയോഗത്താൽ വേറൊരാളെ ഭർത്താവായി സ്വീകരിയ്ക്കുകയില്ല എന്ന ഉറച്ച മനോവൃത്തിയുള്ള നേങ്ങമ്മ എന്ന വനിത മറ്റു വരങ്ങളെ നിരസിച്ചിട്ട് അങ്ങയിൽതന്നെ ശരീരം ലയിച്ചവളായി തീർന്നു. ഹേ ഭഗവൻ! അങ്ങയ്ക്ക് നമസ്കാരം.

श्री
पूर्णत्रयीश कलिनामयुगस्य ह्रासे
दुष्टैर्जनैः सुजनपीडनकर्मवृद्धौ ।
खड्गं धरन्नवतरिष्यसि कल्किरूप-
स्तान् दण्डयिष्यसि हये स्थितवान् नमस्ते ॥ 24 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! കലി എന്ന യുഗം ചുരുങ്ങി വരുമ്പോൾ ദുഷ്ടജനങ്ങളാലുള്ള സജ്ജനോപദ്രവം എന്ന പ്രവൃത്തി കൂടിവരുന്ന സമയം കുതിരപുറത്ത് ഇരിക്കുന്നവനായി വാൾപിടിച്ചുകൊണ്ടുള്ള കല്ക്കിരൂപമായും അവതരിയ്ക്കുകയും ദുഷ്ടജനങ്ങള ശിക്ഷിക്കുകയും ചെയ്യും. നമസ്കാരം.

श्री
पूर्णत्रयीश दश नैव तवावताराः
नानादशासु पशुमानवरूपबन्धैः ।
बुद्धादिमानसभिदा च दशावतारा-
स्तेषां च नान्त इति वेद ततो नमस्ते ॥ 25 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! വിവിധ അവസ്ഥകളിൽ (സന്ദർഭങ്ങളിൽ) മൃഗമനുഷ്യരൂപങ്ങളോടെ ബുദ്ധൻ തുടങ്ങിയ മാനസഭേദത്താൽ പത്ത് അവതാരങ്ങൾ. അങ്ങയ്ക്ക് പത്ത് അവതാരങ്ങൾ അല്ല. അവതാരങ്ങൾക്ക് അവസാനമില്ല എന്ന് അറിയുക. നമസ്കാരം.

श्री
पूर्णत्रयीश तव भक्तवरेण पित्रा
दामोदरेण शमपत्यमहं प्रकाशः ।
न्यासीकृतोऽस्मि शिशुभाव इह स्तुनोमि
सन्तानगोपवपुषे भवते नमोऽस्तु ॥ 26 ॥

അർത്ഥം : അല്ലയോ ശ്രീപൂർണ്ണത്രയീശ! അങ്ങയുടെ ഭക്തശ്രേഷ്ഠനും അച്ഛനുമായ ദാമോദരനാൽ സന്താനമായ ഞാൻ പ്രകാശൻ ഇവിടെ ന്യാസീകൃതനായിരിക്കുന്നു. ശിശുഭാവത്തിൽ അങ്ങയെ സ്തുതിക്കുന്നു. സന്താന ഗോപാലമൂർത്തിയായ അങ്ങയ്ക്ക് നമസ്കാരം .

इति तृप्पूणित्तुरेतिप्रथितपूर्णत्रयीशपुराभिजनेन एङ्ङक्काड्वासिना
दामोदरनम्ब्यारसूनुना आचार्यानुगृहीतेन प्राध्यापकेन प्रकाशेन विरचितं
श्रीपूर्णत्रयीशस्तोत्रं सम्पूर्णम् ॥

मूर्तः (धृतशरीरः) च असौ कोपः च मूर्तकोपः । परशुरामस्य क्षत्रियेषु कोपः महान्
आसीत् । रामावतारेण महितः (पूजितः) रामावतारमहितः ।
क्षत्रं = क्षत्रियः , क्षत्रियवंशः । मानः = दुरभिमानः, अहंकारः ।
मन्युः = कोपः । अपास्य = दूरीकृत्य, विनाश्य । ब्रह्म = ब्राह्मणवंशः ।

---

# സംസ്കൃതപഠനം (41)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

| | |
|---|---|
| വിഗ്രഹം ആജന്മശു ദ്ധാനാം | ജന്മനഃ പ്രഭൃതി ആജന്മ. ആജന്മ ശുദ്ധാഃ. ആജന്മശുദ്ധാഃ തേഷാം. |
| ആഫലോദയകർമണാം | ആഫലോദയം കർമ യേഷാം തേഷാം |
| ആസമുദ്രക്ഷിതീശാനാം | ആസമുദ്രം |
| ക്ഷിതിഃ | ആസമുദ്രക്ഷിതിഃ, തസ്യാഃ ഈശാഃ തേഷാം |

| | |
|---|---|
| ആനാകരഥവർത്മണാം | ന ആകം വർതതേ യത്ര സഃ നാകഃ. നകം. നകം അഭിവ്യാപ്യ ആനാകം. രഥസ്യ വർത്മ രഥവർത്മ. ആനാകം രഥവർത്മ യേഷാം തേഷാം. |
| യഥാവിധിഹുതാഗ്നീനാം | വിധിം അനതിക്രമ്യ യഥാവിധി. യഥാവിധി ഹുതാഃ അഗ്നയഃ യൈഃ തേഷാം. |
| യഥാകാമാർച്ചിതാർഥിനാം | കാമം അനതിക്രമ്യ. യഥാകാമം അർചിതാഃ അർഥിനഃ യൈഃ തേഷാം. |
| യഥാപരാധദണ്ഡാനാം | അപരാധം അനതിക്രമ്യ യഥാപരാധം . യഥാപരാധം ദണ്ഡാഃ യേഷാം തേഷാം. |
| യഥാകാലപ്രബോധിനാം | കാലം അനതിക്രമ്യ യഥാകാലം. യഥാകാലം പ്രബോധിനഃ യഥാകാലപ്രബോധിനഃ തേഷാം. |
| സംഭൃതാർഥാനാം | സംഭൃതഃ അർഥഃ യൈഃ തേ സംഭൃതാർഥാഃ. തേഷാം. |
| മിതഭാഷിണാം | മിതം ഭാഷന്തേ ഇതി മിതഭാഷിണഃ. തേഷാം. |
| വിജിഗീഷൂണാം | വിജേതും ഇച്ഛവഃ വിജിഗീഷവഃ. തേഷാം. |
| ഗൃഹമേധിനാം | ഗൃഹൈഃ മേധന്തേ ഇതി ഗൃഹമേധിനഃ. തേഷാം. |
| ശൈശവേ | ശിശോഃ ഭാവഃ ശൈശവം. തസ്മിൻ. |
| അഭ്യസ്തവിദ്യാനാം | അഭ്യസ്താഃ വിദ്യാഃ യൈഃ തേ അഭ്യസ്തവിദ്യാഃ. തേഷാം. |
| യൗവനേ | യൂനാം ഭാവഃ യൌവനം. തസ്മിൻ. |
| വിഷയൈഷിണാം | വിഷയാൻ ഈഷിതും ശീലം യേഷാം തേ വിഷയൈഷിണഃ. തേഷാം. |
| വാർധകേ | വൃദ്ധസ്യ ഭാവഃ വാർധകം. തസ്മിൻ. |
| മുനിവൃത്തീനാം | മുനീനാം വൃത്തിഃ ഇവ വൃത്തിഃ. യേഷാം തേ. മുനിവൃത്തയഃ. തേഷാം. |
| തനുത്യജാം | തനും ത്യജന്തീതി തനുത്യജഃ. തേഷാം . |

| | |
|---|---|
| തനുവാഗ്വിഭവഃ | വാചാം വിഭവഃ വാഗ്വിഭവഃ. തനുഃ വാഗ്വിഭവഃ യസ്യ സഃ. |
| തദ്ഗുണൈഃ | തേഷാം ഗുണാഃ തദ്ഗുണാഃ തൈഃ. |
| രഘൂണാം | രഘോഃ അപത്യജാതാഃ തോഷാം. |
| ചാപലായ | ചപലസ്യ ഭാവഃ ചാപലം തസ്മൈ. |

(ഒരാശയം രണ്ടു ശ്ലോകങ്ങളെക്കൊണ്ട് പൂർണ്ണമാക്കിയാൽ യുഗ്മം എന്നും മൂന്നു ശ്ലോകങ്ങളെക്കൊണ്ട് പൂർണ്ണമാക്കിയാൽ വിശേഷകം എന്നും നാലു ശ്ലോകങ്ങളെക്കൊണ്ട് പൂർണ്ണമാക്കിയാൽ കലാപകം എന്നും അഞ്ചും അതിന് മുകളിൽ ശ്ലോകങ്ങളെക്കൊണ്ട് പൂർണ്ണമാക്കിയാൽ കുളകം എന്നും പറയുന്നു. അതുകൊണ്ട് ഇത് കുളകം ആണ്.)

## ക്രിയാപദം

'ബ്രൂഞ് ' വ്യക്തായാം വാചി എന്ന ധാതുവിന്റെ ലൃട് എന്ന ലകാരത്തിലുള്ള ( ഭാവികാലം) രൂപമാണ് ഇതിലെ ക്രിയാപദം.

| | | |
|---|---|---|
| വക്ഷ്യതേ | വക്ഷ്യേതേ | വക്ഷ്യന്തേ |
| വക്ഷ്യസേ | വക്ഷ്യേഥേ | വക്ഷ്യധ്വേ |
| വക്ഷ്യേ | വക്ഷ്യാവഹേ | വക്ഷ്യാമഹേ |

**അന്വയം** : സഃ അഹം ആജന്മശുദ്ധാനാം ആഫലോദയകർമണാം ആസമുദ്രക്ഷിതീശാനാം ആനാകരഥവർത്മണാം യഥാവിധിഹുതാഗ്നീനാം യഥാകാമാർചിതാർഥിനാം യഥാപരാധദണ്ഡാനാം യഥാകാലപ്രബോധിനാം ത്യാഗായ സംഭൃതാർഥാനാം സത്യായ മിതഭാഷിണാം യശസേ വിജിഗീഷൂണാം പ്രജായൈഗൃഹമേധിനാം ശൈശവേ അഭ്യസ്തവിദ്യാനാം യൗവനേ വിഷയൈഷിണാം വാർധകേ മുനിവൃത്തീനാം യോഗേന അന്തേ തനുത്യജാം രഘൂണാം അന്വയം തനുവാഗ്വിഭവഃ അപി സൻ തദ്ഗുണൈഃ കർണം ആഗത്യ ചാപലായ പ്രചോദിതഃ വക്ഷ്യേ.

**അന്വയാർത്ഥം** : ആ ഞാൻ ജന്മം തൊട്ട് ശുദ്ധരും ഫലോദയം വരെ കർമ്മം ചെയ്യുന്നവരും സമുദ്രപര്യന്തം വരെയുള്ള ഭൂമിയുടെ ഈശന്മാരും സ്വർഗ്ഗം വരെ രഥമാർഗ്ഗം ഉള്ളവരും യഥാവിധി അഗ്ന്യാഹുതി ചെയ്യുന്നവരും ആഗ്രഹത്തിനൊത്തവണ്ണം അർത്ഥികളെ അർച്ചിക്കുന്നവരും അപരാധത്തിന് അനുസരിച്ച് ദണ്ഡിക്കുന്നവരും യഥാകാലം പ്രബോധനം നടത്തുന്നവരും ത്യാഗത്തിനായി അർത്ഥം സംഭരിക്കുന്നവരും സത്യത്തിനായി മിതമായി ഭാഷിക്കുന്നവരും യശസ്സിനായി ജയിയ്ക്കാൻ ആഗ്രഹിക്കുന്നവരും പ്രജയ്ക്കായി ഗൃഹസ്ഥന്മാരായവരും യൗവ്വനത്തിൽ വിഷയാഭിലാഷികളും വാർധക്യത്തിൽ

മുനിമാരുടെ വൃത്തി സ്വീകരിക്കുന്നവരും യോഗത്താൽ അവസാനം തനു ത്യജിക്കുന്നവരുമായ രഘുവിന്റെ വംശത്തിൽ ജനിച്ചവരുടെ അന്വയത്തെ തനു വായിരിക്കുന്ന വാഗ്വിഭവത്തോട് കൂടിയവനെങ്കിലും തദ്ഗുണങ്ങളാൽ കർണ്ണത്തെ ആഗമിച്ചിട്ട് ചാപലൃത്തിനായിക്കൊണ്ട് പ്രചോദിതാനായി പറയുവാൻ പോകുന്നു.

**സാരം** : സൂര്യവംശചരിത്രത്തിൽ ബുദ്ധിയെ പ്രവേശിപ്പിക്കുവാൻ അവസരം ലഭിച്ചതായ ഞാൻ കാളിദാസൻ വലിയ വാക്ക് സാമർത്ഥ്യമൊന്നുമില്ലാത്തവനാണെങ്കിലും ആ രാജക്കന്മാരുടെ ഗുണഗണങ്ങൾ കാതിലകപ്പെട്ട് ചാപല്യം നിറഞ്ഞ പ്രവൃത്തിയ്ക്ക് പ്രേരണ ഉൾക്കൊണ്ട് രഘുവിന്റെ സന്താനപരമ്പരയിലുള്ള രാജക്കന്മാരുടെ വംശചരിത്രത്തെ പറയുവാൻ തുടങ്ങുന്നു. തന്റെ വാക്കുകൾക്ക് അവരുടെ ചരിത്രത്തെ വർണ്ണിയ്ക്കുവാൻ സാമർത്ഥ്യമില്ലെന്നും താൻ ചെയ്യുന്നത് ചാപല്യം നിറഞ്ഞതായ കാര്യമാണെന്നും പറയുവാൻ കാരണം അവരുടെ ജീവിതം വർണ്ണനാതീതമായ രീതിയിൽ ശ്രേഷ്ഠവും ഉദാത്തവുമാണെന്ന് ഇവിടെ തന്നെ പറയുന്നു. ജനിച്ചതു മുതൽ വിധിപോലെ കർമ്മങ്ങൾ ചെയ്ത് ശുദ്ധരായവരും ഫലം കിട്ടുന്നതുവരെ പ്രവൃത്തിയിൽ മുഴുകിയവരും സ്വർഗ്ഗംവരെ തേരോടിച്ചവരും സമുദ്രംവരെയുള്ള ഭൂമിയുടെ ഉടമസ്ഥരും വിധിയാംവണ്ണം ഹോമം ചെയ്തവരും അർത്ഥികളുടെയെല്ലാം അഗ്രഹം നടത്തിയവരും അപരാധികൾക്ക് തക്ക ശിക്ഷ നൽകിയവരും യഥാകാലം ഉണർന്നു പ്രവർത്തിച്ചവരും ദാനം ചെയ്യാൻ സമ്പാദിച്ചവരും സത്യത്തിനുവേണ്ടി കുറച്ച് സംസാരിച്ചവരും കീർത്തിയ്ക്കുവേണ്ടി വിജയിച്ചവരും സന്താനത്തിനുവേണ്ടി ഗൃഹസ്ഥന്മാരായവരും വളരെ കൊച്ചിലെതന്നെ വിദ്യകൾ അഭ്യസിച്ചവരും യൗവനത്തിൽ വിഷയസുഖങ്ങളിൽ തല്പരരും വൃദ്ധാവസ്ഥയിൽ മുനിയായി കഴിഞ്ഞവരും അവസാനം യോഗവിദ്യയിലൂടെ ദേഹം വെടിഞ്ഞവരുമാണ് രഘുവംശരാജാക്കന്മാർ.

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം  22

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞ ലക്കം തുടർച്ച)

ഇപ്പോഴത്തെ സവിശേഷ സാഹചര്യം എല്ലാവർക്കുമറിയാവുന്നതാണല്ലോ? ലോകമെമ്പാടുമുള്ള മനുഷ്യജീവികൾ 'കൊറോണവൈറസി'നു

മുമ്പിൽ അടിയറവ് പറഞ്ഞിരിയ്ക്കുന്നു. വലിയവരെന്നോ ചെറിയവരെന്നോ വ്യത്യാസമില്ലാതെ ഈ വിരുതൻ പതിയിരുന്ന് സകലരേയും ആക്രമിച്ച് രോഗികളാക്കി മാറ്റുന്നു. ലക്ഷക്കണക്കിന്നാളുകൾ നിസ്സഹായരായി മരണത്തിന് കീഴ്പെടുകയും, മാത്രമോ, മറ്റുള്ളവർ മരണം സ്വപ്നംകണ്ടുകൊണ്ടു ഭയപ്പാടോടെ ജീവിതം തള്ളിനീക്കുന്ന അവസ്ഥയും സംജാതമായിരിയ്ക്കുന്നു. ഈ രോഗാണുവിന്റെ സംഹാരതാണ്ഡവം എപ്പോഴാണെന്നോ എവിടെയാണെന്നോ ആർക്കും ഇന്നത്തെ അവസ്ഥയിൽ പ്രവചിയ്ക്കാനാവുന്നില്ല. പ്രതിവിധി കണ്ടെത്താത്തിടത്തോളം കാലം ഈ സൂക്ഷ്മജീവി നമ്മുടെയെല്ലാം സന്തതസഹചാരിയായി എക്കാലവും കൂടെ ഉണ്ടാവുമെന്നു കരുതേണ്ടിയിരിയ്ക്കുന്നു. അനുനിമിഷം പ്രകൃതിയിൽനിന്നകന്നു പൊയ്ക്കോണ്ടിരിയ്ക്കുന്ന മനുഷ്യന് അർഹിയ്ക്കുന്ന അംഗീകാരമാണെന്ന് തോന്നുന്ന, ഈ കനത്ത ശിക്ഷ കുട്ടികളായ നിങ്ങൾക്ക് മുതിർന്നവരുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ച് ഇതിന്റെ വ്യാപനത്തെ തന്നാലാവുംവിധം ചെറുത്തുതോല്പിയ്ക്കാൻ കഴിയും. ക്ഷമയും സഹനശക്തിയും ആയുധമാക്കി ഏതൊരു പ്രതിസന്ധിയേയും തരണം ചെയ്യാനാകുമെന്ന് ഭാരതീയ വേദേതിഹാസപുരാണോപനിഷത്തുകൾ നമുക്കു വഴികാണിച്ചുതന്നിട്ടുണ്ട്. സമയം പാഴാക്കാതെ വീണുകിട്ടിയ ഈ ഇടവേള ഉത്തമഗ്രന്ഥപാരായണത്തിന്നും മറ്റുമായി നീക്കിവെച്ചാൽ കൊച്ചു കൂട്ടുകാർക്ക് ഉയർന്ന ചിന്തയുടെ ഉടമകളായും വിശാലമനസ്കരുമായി നാളത്തെ ലോകത്തിന് മാതൃകയാവാൻ കഴിയും.

സന്താനദുഃഖത്താൽ സംഭവിച്ച മഹാരാജാവിന്റെ ദേഹവിയോഗം അയോദ്ധ്യാനിവാസികളെ ഒന്നടങ്കം ദുഃഖത്തിലാക്കി. പ്രജാക്ഷേമ തല്പരരായ ഭരണാധികാരികൾ, പ്രജകളുടെ സുഖദുഃഖങ്ങളിൽ തുല്യപങ്കാളികളാകുന്ന ആ സുവർണ്ണ യുഗത്തെ വാല്മീകിമഹർഷി വാക്കുകളെകൊണ്ട് വരച്ചുകാണിച്ചിരിയ്ക്കുന്നു. ഇന്നത്തെ ഭരണവർഗ്ഗത്തിന്റെ ശ്രദ്ധ ഇതിലേയ്ക്കൊന്നും പോകാത്തത് ഭാരതീയന്റെ ദൈന്യാവസ്ഥതന്നെ. മാത്രമല്ല, ഇതെല്ലാം വായിയ്ക്കുന്ന നിങ്ങളിൽ ചിലരിലെങ്കിലും ഈ ചിന്താധാരകളുടെ സ്ഫുലിംഗങ്ങൾ അണഞ്ഞുപോകാതെ നിലനിൽക്കണമെന്ന മോഹവും ഈ എഴുതുന്ന ആൾക്കുണ്ട്. പിതാവിന്റെ പ്രതിജ്ഞാപാലനത്തിനായി കാട്ടിലേയ്ക്ക് പോയ രാമ-ലക്ഷ്മണന്മാരുടേയും കേകയരാജധാനിയിൽ കഴിയുന്ന ഭരത-ശത്രുഘ്നന്മാരുടേയും അഭാവത്തിൽ രാജാവിന്റെ പെട്ടെന്നുള്ള വേർപാട് രാജ്യത്തെ തികച്ചും അനാഥമാക്കി. രാജപുരോഹിതനായ വസിഷ്ഠമുനിയുടെ ആജ്ഞാനുസാരം അനന്തരനടപടികൾ ഉടൻ ആരംഭിച്ചു. ദൂതന്മാർക്കൊപ്പം എത്തിച്ചേർന്ന ഭരത-ശത്രുഘ്നന്മാരെ സ്വീകരിയ്ക്കാനെത്തിയത് സർവ്വത്ര ദുഃഖാന്തരീക്ഷമായിരുന്നു. യാഥാർത്ഥ്യമറിയാതെ തിടുക്കത്തിൽ അച്ഛനെ കാണാനോടിയെത്തിയ ഭരതനെ പല ഉപായങ്ങൾ പ്രയോഗിച്ച് കൈകേയി അനുനയിപ്പിയ്ക്കാൻ ശ്രമിച്ചെങ്കിലും നടന്ന സംഭവങ്ങൾ അറിയിയ്ക്കാനാവശ്യപ്പെടുകയാണദ്ദേഹം ചെയ്തത്. തിരിച്ചെത്തിയാലുടൻ ജ്യേഷ്ഠൻ ശ്രീരാമചന്ദ്രന്റെ പട്ടാഭിഷേകച്ചടങ്ങുകൾക്ക് നേതൃത്വം നല്കാമെന്ന മോഹം മനസ്സിൽ

സൂക്ഷിച്ചിരുന്ന ഈ മാതൃകാസോദരനെ ആദ്യമായി കേൾക്കേണ്ടിവന്നത് സ്വന്തം പിതാവിന്റെ ദേഹവിയോഗമായിരുന്നു. ജ്യേഷ്ഠന്റെ പട്ടാഭിഷേകം മുടക്കാനും അദ്ദേഹത്തിന് കാട്ടിൽ പോകേണ്ടിവന്നതും അതുവഴി പിതാവിന്റെ മരണത്തിനു വഴിവെച്ചതും മാതാവായ കൈകേയിയാണെന്നറിഞ്ഞപ്പോൾ ഭരതന്റെ രോഷം ആളിക്കത്തി. സഹോദരസ്നേഹം സടകുടഞ്ഞെണീറ്റു. മകന് രാജ്യഭാരം ലഭിയ്ക്കണമെന്ന ഉൽക്കടമായ ആഗ്രഹമാണ് തന്നെ ഈ സാഹസത്തിന് പ്രേരിപ്പിച്ച തെന്ന മറുപടികൊണ്ടൊന്നും ഭരതൻ തൃപ്തനായില്ല. മനുഷ്യന്റെ കുടിലചിന്തകൾക്ക് സ്വാർത്ഥതയുടെ ചിറകുകൾ നല്കിയാൽ ഇപ്രകാരമൊക്കയായിരിയ്ക്കും സംഭവിയ്ക്കുക കുട്ടുകാരെ. മാത്രമല്ല, മാനുഷികവികാരവിചാരങ്ങളെല്ലാം കാലാതിവർത്തിയാണെന്നും മഹാകവി കാണിച്ചുതരുന്നു. ജീവനുതുല്യം തന്നെ സ്നേഹിയ്ക്കുന്ന ജ്യേഷ്ഠസഹോദരനുവേണ്ടി സർവ്വതും ത്യജിക്കാൻ തയ്യാറുള്ള തന്നെക്കരുതി മാതാവ് ഇപ്രകാരം പ്രവർത്തിച്ചത് പൊറുക്കാൻ പറ്റാത്ത മഹാപരാധമാണെന്നു ഭരതന്റെ വാക്കുകൾ കൈകേയിയെ ഞെട്ടിച്ചു. മാത്രമല്ല, കുലംമുടിയ്ക്കാൻ പിറവിയെടുത്ത ഇവരുടെ വയറ്റിൽ പുത്രനായി പിറന്നതിന്റെ കുറ്റബോധംപോലുമദ്ദേഹം തുറന്നുകാട്ടി. ഇതിനു പ്രായശ്ചിത്തമായി ജ്യേഷ്ഠനെ തിരിച്ചുകൊണ്ടുവന്ന് സിംഹാസനത്തിലിരുത്തുമെന്ന ദൃഢനിശ്ചയത്തോടെ അദ്ദേഹം പിതാവിന്റെ ശേഷക്രിയാദികർമ്മങ്ങൾ യഥാവിധി നിറവേറ്റി. പതിന്നാലാംനാൾ പ്രഭാതത്തിൽ ജനപ്രതിനിധികളെല്ലാം ഒത്തുചേർന്ന് രാജ്യനന്മയെക്കരുതി നാഥനില്ലാത്ത അവസ്ഥ ഇല്ലായ്മചെയ്ത് ഭരതനോട് രാജഭരണം ഏറ്റെടുക്കാനഭ്യർത്ഥിച്ചു. ജ്യേഷ്ഠൻ രാജാവായി കുലധർമ്മം പാലിയ്ക്കേണ്ടതിനുപകരം മാതാവാണെങ്കിൽപ്പോലും തന്നിഷ്ടം പ്രവർത്തിച്ചതിനോട് യോജിച്ച് വംശത്തിന് കളങ്കം വരുത്താൻ താനുദ്ദേശിയ്ക്കുന്നില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മാത്രമല്ല, ഈ വിപുലമായ സാമ്രാജ്യവും സർവ്വൈശ്വര്യങ്ങളും ജ്യേഷ്ഠന്റെ കാൽക്കൽ അർപ്പിച്ചു ഒരു സേവകനെപ്പോലെ ആ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളാൻ മാത്രമാണ് താനാഗ്രഹിയ്ക്കുന്നതെന്നുമായിരുന്നു തുടർന്നദ്ദേഹം ചിന്തകൾ പങ്കുവെച്ചത്. ഇപ്രകാരം ചിന്തിയ്ക്കുകയും പ്രവർത്തിയ്ക്കുകയും ചെയ്തവരെ പ്രസവിച്ച ഭാരതാംബ എത്രമാത്രം സുകൃതി യാണെന്ന് ചിന്തിച്ചുനോക്കു, കൊച്ചുകൂട്ടുകാരെ.

(തുടരും)

---

# ഭഗവദ്ഗീതാ – ഒരു പുനർവായന [21]

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

അനാര്യജുഷ്ടം അസ്വർഗ്യം അകീർത്തികരം എന്നെല്ലാം പറഞ്ഞ് ശ്രീകൃഷ്ണപരമാത്മാവ് തന്നെ തള്ളിപറയുമെന്ന് അർജ്ജുനനും നമ്മളും ഒട്ടും കരു

തിയിട്ടുണ്ടാവില്ല. അത്രയും ഗംഭീരങ്ങളായിരുന്നു അർജ്ജുനന്റെ വാക്കുകൾ. അപ്രതീക്ഷിതമായ ഈ ശ്രീകൃഷ്ണവാക്കുകൾ അർജ്ജുനനെ ഞെട്ടിച്ചിട്ടുണ്ടെന്നത് തീർച്ച തന്നെ. ഗുരുക്കന്മാർ ശിഷ്യരെ അവരുടെ അല്പത്ത്വത്തിൽനിന്ന് ഉണർത്തുവാൻ അപ്രതീക്ഷിതമായ കാര്യങ്ങൾ ചെയ്യാറുണ്ട്. ഈ ലോകം അതിന്റെ അല്പത്ത്വംകൊണ്ടും സങ്കുചിത്വംകൊണ്ടും സംഘർഷഭരിതവുമാണ്. സകലസംഘർഷങ്ങൾക്കും കാരണം അല്പബോധമാണ്. ഞാൻ എനിക്കുള്ളത് എന്റേത് എന്ന സങ്കുചിതവും അല്പവുമായ തലത്തിൽനിന്ന് മനുഷ്യൻ പ്രവർത്തിക്കുന്ന കാലത്തോളം യുദ്ധങ്ങൾ അനിവാര്യങ്ങളാണ്. അപൂർണ്ണമായ ഈ ലോകത്തെ പരിപൂർണ്ണമാക്കുകയല്ല പരമമായ സമാധനത്തിന് ശ്രേഷ്ഠം, മറിച്ച് ഈ ലോകത്തിൽ അപൂർണ്ണത ദർശിക്കുന്ന തന്റെ അപൂർണ്ണതയെ പൂർണ്ണമാക്കുക എന്നതാണ് ഏറ്റവും ശ്രേഷ്ഠമായ കാര്യം. ഈ ലോകത്തെകൊണ്ടുള്ള പ്രയോജനവുമതാണ്. ലോകത്തിൽ ജീവിക്കുന്ന അവസരം ഈ ലോകത്തിന്റെ അപൂർണ്ണതയെ നമ്മൾ ദർശിക്കുകയും അത് നമ്മളിൽ ഒരു അതൃപ്തിയെ ഉണ്ടാക്കുകയും ആ അതൃപ്തി യുദ്ധം തുടങ്ങിയതായ സമാധാന കേടിലേയ്ക്ക് ലോകത്തെ ചെന്നെത്തിക്കുകയും ചെയ്യും. ആ അതൃപ്തിയും യുദ്ധമെന്ന അസാമാധാനവും മാറ്റാൻ സാമൂഹികവ്യവസ്ഥിതിമാറ്റത്തിലൂടെ സാധിക്കും എന്നു കരുതി അതിനുവേണ്ടി പലരും ശ്രമിക്കും, എന്നാൽ ഇങ്ങനെയുള്ള വ്യവസ്ഥിതിമാറ്റത്തിലൂടെ ഇല്ലാതാവുന്നതല്ല യുദ്ധങ്ങൾ. യുദ്ധങ്ങളും അതൃപ്തിയും ഉണ്ടാകുന്നത് സങ്കുചിതഭാവംകൊണ്ടാണ്. യുദ്ധങ്ങളും അതൃപ്തിയും ഇല്ലാതാക്കുവാൻ ഒറ്റ വഴി മാത്രമേയുള്ളൂ. മനുഷ്യൻ അവന്റെ പൂർണ്ണതയെ തിരിച്ചറിയുക. പൂർണ്ണതയെ തിരിച്ചറിഞ്ഞ് ഈ ലോകത്തിലേയ്ക്ക് നോക്കിയാൽ ഇവിടെ പൂർണ്ണതയല്ലാതെ മറ്റൊന്നും ഉണ്ടായിരിക്കുകയില്ല. അർജ്ജുനന് തന്റെ ജന്മസിദ്ധമായ പരിമിതികാരണമാണ് അതൃപ്തിയുണ്ടാകുന്നത്. തന്റെ ഉള്ളിലെ അപൂർണ്ണതയെ തിരിച്ചറിയുന്ന അർജ്ജുനൻ അത് തന്റെ അപൂർണ്ണതയാണെന്ന് തിരിച്ചറിയാതെ പകരം അതിനെ ചുറ്റുപാടിലേയ്ക്ക് ആരോപിക്കുകയാണ്.

## അഭിനവഗുപ്താചാര്യൻ തുടരുന്നു.

"ക്ലൈബ്യാദിഭിർനിർഭത്സനമഭിദധദധർമേ തവ ധർമാഭിമാനോയമിത്യാദി ദർശയതി".

ശ്രീകൃഷ്ണപരമാത്മാവ് ക്ലൈബ്യാദിഭി എന്ന വാക്കുകളാൽ അർജ്ജുനനെ ശകാരിക്കുന്നു. അധർമ്മമാണ് ധർമ്മം എന്ന് ധരിച്ചാണ് അർജ്ജുനൻ ഇതെല്ലാം പറഞ്ഞത് എന്ന് അർജ്ജുനനെ ബോധ്യപ്പെടുത്തുവാൻ തുടർന്ന് ശ്രമിക്കുന്നു.

*മാ ക്ലൈബ്യം ഗച്ഛ കൗന്തേയ*
*നൈതത്ത്വയ്യുപപദ്യതേ*
*ക്ഷുദ്രം ഹൃദയദൗർബല്യം*

*ത്യക്ത്വോത്തിഷ്ഠ പരന്തപ (2-3) (ഗീതാർത്ഥസാരസംഗ്രഹ പാഠം)*

*ക്ലൈബ്യം മാ സ്മ ഗമഃ പാർഥ*
*നൈതത്ത്വയ്യുപപദ്യതേ*
*ക്ഷുദ്രം ഹൃദയദൗർബല്യം*
*ത്യക്ത്വോത്തിഷ്ഠ പരന്തപ (2-3) ( സർവ്വസാധാരണപാഠം)*

ക്ലീബത്വത്തെ പ്രാപിയ്ക്കരുത്. അതായത് ആണുംപെണ്ണും കെട്ട അവസ്ഥയെ പ്രാപിയ്ക്കരുത്. അത് നിനക്ക് ചേർന്നതല്ല. ഇത് കാരുണ്യമല്ല. ഹൃദയദൗർബല്യമാണ്. ക്ഷുദ്രവുമാണ്. അർജ്ജുനന് തന്റെ ബന്ധുക്കളെ ഇല്ലാതാക്കുന്നതിലുള്ള വിഷമമല്ല. തന്റേതായിട്ടുള്ളത് നഷ്ടപ്പെട്ടാല്ലോ എന്ന വേദനയാണ് അർജ്ജുനന്റെ ഈ തീരുമാനങ്ങൾക്ക് കാരണം എന്ന് ഇതിലൂടെ അർജ്ജുനനെ ബോദ്ധ്യപ്പെടുത്തുന്നു. ഞാൻ എനിക്കുള്ളത് എന്റേത് എന്ന സങ്കുചിത ബോധമെന്ന ഹൃദയദൗർബ്ബല്യത്തെ ഉപേക്ഷിച്ച് എഴുന്നേൽക്കുക എന്ന ആഹ്വാനമാണ് ശ്രീകൃഷ്ണപരമാത്മാവ് ഇവിടെ നടത്തുന്നത്. ഇവിടുത്തെ സംബോധന വളരെ അന്വർത്ഥമാണ്. യുദ്ധം ചെയ്യണോ വേണ്ടയോ എന്ന് അറിയാതെ രഥത്തിൽ തളർന്നിരിക്കുന്ന ഈ അർജ്ജുനനെ ശ്രീകൃഷ്ണപരമാത്മാവ് വിളിക്കുന്നത് പരന്തപ എന്നാണ്, ശത്രുക്കളെ നശിപ്പിക്കുന്നവനെ എന്നർത്ഥം. ഭഗവദ്ഗീത ഒരു Talk therapy കൂടിയാണ്. ഗീത തളർന്നിരിക്കുന്ന ഒരാളെ വാക്കുകൾ ഉപയോഗിച്ച് പ്രവർത്ത നോന്മുഖമാക്കുന്നു

ക്ലീബത്വം നിനക്ക് യോജിച്ചതല്ല എന്ന് ശ്രീകൃഷ്ണപരമാത്മാവ് അർജ്ജുനനെ ഓർമിപ്പിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്. ഒരിക്കൽ വിരാടരാജ്യത്തിലെ അജ്ഞാതവാസക്കാലത്ത് ക്ലീബത്വം അർജ്ജുനന് സ്വീകരിയ്ക്കാൻ ഇടവന്നത് ആണായി പെരുമാറിയതുകൊണ്ടാണ് അല്ലാതെ ആണുംപെണ്ണും കെട്ടവനെപ്പോലെ പെരുമാറിയതുക്കൊണ്ടല്ല. അതായത് ദിവ്യായുധലാഭർത്ഥം സ്വർഗ്ഗാഗതനായ അർജ്ജുനസമീപം കാമപരവശയായി പ്രേമാഭ്യർത്ഥനയുമായി എത്തിയതായ ഉർവ്വശിയെ തന്റെ വംശജനനിയായി ദർശിയ്ക്കയാൽ നിസ്സങ്കോചം ഉർവ്വശിയുടെ അഭ്യർത്ഥന ബഹുമാനപൂർവ്വം അർജ്ജുനൻ നിരസിച്ചു. വീണ്ടും വീണ്ടും ഉള്ള ഉർവ്വശിയുടെ അഭ്യർത്ഥന അർജ്ജുനൻ അവസരവാദിയാകാതെ താൻ പിൻതുടരുന്നതായ ആശയാദർശങ്ങളിൽ അടിയുറച്ച് ഒരാണായി നിന്നപ്പോൾ കോപിഷ്ഠയായ ഉർവ്വശിയുടെ ശാപത്താലാണ് അദ്ദേഹത്തിന് അജ്ഞാതവാസക്കാലത്ത് ക്ലീബത്വം സ്വീകരിയ്ക്കാൻ സാധിച്ചത്. അപ്പോൾപോലും പുരുഷസഹജമായി അവസരത്തിന് അനുസരിച്ച് പെരുമാറിയവനായതുകൊണ്ട് അർജ്ജുനന് ഇത് ഒട്ടും ചേർന്നതല്ല. ക്ലീബനായിരുന്നപ്പോഴും ക്ലൈബ്യം ഇല്ലാത്തവനായിരുന്നു അദ്ദേഹം. പൗരുഷവും സ്ത്രൈണതയും സ്വഭാവഗുണങ്ങളാണ്.

എന്നാൽ ഷണ്ഡത്വം അതല്ല. ഇത് അദ്ദേഹത്തിൽ ചേർന്നതല്ല എന്ന് പറയാൻ മറ്റൊരു കാരണവും കൂടിയുണ്ട്. പത്താം അദ്ധ്യയമാകുന്ന വിഭൂതി

യോഗത്തിൽ പാണ്ഡവരിൽ ഞാൻ അർജ്ജുനനാണ് എന്ന് ഭഗവാൻ പറയുന്നു. അർജ്ജുനൻ വാസ്തവത്തിൽ താൻതന്നെയെന്ന് കൃഷ്ണന് അറിയാം. എന്നാൽ അർജ്ജുനന് അതറിയില്ല.

ജീവിതത്തിലെ ഓരോ സാഹചര്യത്തിലും പെരുമാറേണ്ടിവരുമ്പോൾ അനുഭവത്തിൽ ഇല്ലെങ്കിലും ബുദ്ധിപൂർവ്വം നാം ഓരോരുത്തരും ഈശ്വരസ്വരൂപികളാണെന്ന് ഓർക്കുക. പാശ്ചാത്യശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റിൻ കണ്ടുപിടിച്ചതായ ആപേക്ഷികസിദ്ധാന്തത്തെ ബുദ്ധിയുടെ തലത്തിൽനിന്നുകൊണ്ടുപോലും മനസ്സിലാക്കുവാൻ നമ്മളിൽ ഭൂരിഭാഗം ആൾക്കാർക്കുപോലും സാധിക്കുന്നില്ലെങ്കിലും നാം ആ സിദ്ധാന്തത്തെ അംഗീകരിക്കുന്നുവെങ്കിൽ ഏതൊരാൾക്കും പ്രയത്നിച്ചാൽ അനുഭവിക്കാവുന്ന നമ്മുടെ മഹർഷീശ്വരന്മാരുടെ അറിവിന്റെ തലങ്ങളെ അംഗീകരിയ്ക്കാനും തദനുസരണം ജീവിയ്ക്കാനും തയ്യാറായാൽ മാത്രമെ ഈശ്വരസുഗന്ധത്താൽ സുരഭിലമാക്കുകയുള്ളൂ. ഇവിടെ ശ്രീകൃഷ്ണപരമാ ത്മാവ് തന്നെയാണ് അർജ്ജുനൻ എന്ന സത്യത്തെ അർജ്ജുനൻ മനസ്സിലാക്കിയും അനുഭവിച്ചും പ്രവർത്തിച്ചാൽ ഈ സങ്കുചിത്വബോധത്തിൽനിന്ന് മോചനം കിട്ടി തനിക്കു തോന്നിയ അതൃപ്തി ഇല്ലാതാക്കാം. സങ്കുചിതസ്വരൂപിയായ നമ്മുടെ സ്ഥാനത്ത് അനല്പബോധസ്വരൂപിയായ ശ്രീകൃഷ്ണപരമാത്മാവായിരുന്നുവെങ്കിൽ എങ്ങനെയാണ് പെരുമാറുക എന്ന് ചിന്തിച്ചിട്ട് വേണം നമ്മൾ ജീവിതത്തിൽ ഒരോ നീക്കവും നടത്തുവാൻ എന്ന് ഇതിൽനിന്ന് മനസ്സിലാക്കണം. അതുകൊണ്ട് ശ്രീകൃഷ്ണൻ ആയുധമല്ല ത്യജിയ്ക്കേണ്ടത് പകരം അല്ലയോ അർജ്ജുന അല്പത്വബോധചിന്തകളെയാണ് ത്യജിയ്ക്കേണ്ടത് എന്ന് പരന്തപ എന്ന സംബോധനയിലൂടെ വ്യക്തമാക്കുന്നു.

(തുടരും)

---

# ലളിതാസഹസ്രനാമം (31)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

### നിഷ്പ്രപഞ്ചാ

പ്രപഞ്ചമില്ലാത്തവൾ. മുൻനാമത്തിൽ ദേവി നിർവ്വികാരയാണെന്ന് പറഞ്ഞുവല്ലോ. വികാരം ഒന്നും ഇല്ലാത്തതുകൊണ്ടുതന്നെ ദേവിയ്ക്ക് പ്രപഞ്ചവും ഇല്ല. പ്രപഞ്ചാതീതരൂപിണിയാണ് എന്നർത്ഥം.

## നിരാശ്രയാ

പ്രത്യേകിച്ച് ആശ്രയം ഇല്ല. എന്നാൽ ദേവി എല്ലാത്തിന്റെയും ആശ്രയമായിത്തീരുന്നു. ദേവീ മാഹാത്മ്യത്തിൽ പറയുന്നു -

*"ത്വാമാശ്രിതാനാം ന വിപന്നരാണാം*
*ത്വാമാശ്രിതാ ഹ്യാശ്രയതാം പ്രയാന്തി."*

അവിടുത്തെ ആശ്രയിക്കുന്ന മനുഷ്യർക്ക് ഒരു വിപത്തുമുണ്ടാകുന്നില്ല. മാത്രമല്ല അവിടുത്തെ ആശ്രയിക്കുന്ന മനുഷ്യർ മറ്റുള്ളവർക്ക് ആശ്രയമായിത്തീരുന്നു. ദേവിയെ ആശ്രയിക്കുന്നാൾ ദേവിയായിത്തീരും എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. എന്തെന്നാൽ ദേവിയായി തീർന്നാലെ മറ്റുള്ളവർക്ക് ആശ്രയമാകുകയുള്ളൂ. വിജ്ഞാന ഭൈരവതന്ത്രത്തിൽ നിരാശ്രയാ, നിരാധാരാ തുടങ്ങിയ നാമങ്ങളെയെല്ലാം കോർത്തിണക്കിക്കൊണ്ട് ഒരു ധ്യാന സമ്പ്രദായമുണ്ട്. രാവിലെ കട്ടിലിൽ എഴുന്നേറ്റിരുന്നുകൊണ്ട് കട്ടിൽ ഇല്ല എന്നു കാണുക. ഒന്നിന്റെയും പുറത്തല്ല നമ്മൾ ഇരിക്കുന്നത് എന്നു കാണുക. ആ കട്ടിലിനെ നമ്മൾ ഇല്ലാതാക്കണം. ഇങ്ങനെ കുറച്ചുനാൾ അഭ്യസിച്ചുകഴിഞ്ഞാൽ കട്ടിൽ ഇല്ലാതെയാണ് നമ്മൾ ഇരിക്കുന്നത് എന്ന ബോധം വരും. ആ ബോധം വന്നു കഴിഞ്ഞാൽ അടുത്തപടി എന്റെ ബോധം ഈ ശരീരമില്ലാതെയാണ് നിൽക്കുന്നത് എന്നു കാണുക. അത് നമ്മളെ ക്രമേണ പൂർണ്ണബോധത്തിലേക്ക് നയിക്കും. ഇപ്രകാരം നിരാശ്രയായ ദേവിയെ ആശ്രയിച്ചാൽ നാം ദേവിയായിത്തീരും.

## നിത്യശുദ്ധാ

എപ്പോഴും ശുദ്ധയായിട്ടുള്ളവൾ. ഒന്നിനും ദേവിയെ അശുദ്ധയാക്കാൻ സാധിക്കില്ല. മൂന്നു കാലങ്ങളാലും ബാധിക്കപ്പെടാത്തവൾ. കൂടാതെ ദേവിക്ക് ഏതി നെയും ശുദ്ധമാക്കാൻ സാധിക്കും.

## നിത്യബുദ്ധാ

ത്രികാലങ്ങളിലും പ്രബുദ്ധയായിരിക്കുന്നവൾ.

നല്ല ബുദ്ധിശക്തിയുള്ളവളാണ് ദേവി. എന്തും അറിയുവാനുള്ള കഴിവുണ്ട്. self conscious ആയിരിക്കുന്നവൾ.

## നിരവദ്യാ

അവിദ്യയില്ലാത്തവൾ. ഞാനും അതും രണ്ടാണെന്ന ബോധമാണ് അജ്ഞാനം. അതില്ലാത്തവൾ. നമ്മളുമായി ഭേദമുണ്ടെന്ന് തോന്നാത്തവൾ. ദേവിക്ക് എപ്പോഴും നമ്മളെ ദേവിയായിട്ടാണ് തോന്നുക.

(തുടരും)

ഔഷധസസ്യങ്ങൾ – 28

# പനിക്കൂർക്ക

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

അമ്മൂമ്മ വൈദ്യത്തിൽപ്പെടുന്ന പനിക്കൂർക്ക പണ്ടുകാലം മുതൽ കേളത്തിലെ മിക്കവാറും വീടുകളിൽ നട്ടുനനച്ച് വളർത്താറുണ്ട്. അംബോണിക്കസ് സോലസ് കുടുംബത്തിൽപ്പെട്ട പനിക്കൂർക്ക സംസ്കൃതത്തിൽ അജപാദ, ഇന്ദുപർണ്ണി തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. തുളസി വർഗ്ഗത്തിൽപ്പെടുന്ന ഈ സസ്യം സുഗന്ധി കൂടിയാണ്.

എരിവും തീക്ഷ്ണവും ഉഷ്ണവീര്യവും ദീപനകാരിയുമാണ്. കരളിന്റെ പ്രവർത്തനം ഉത്തേജിപ്പിയ്ക്കും. കഫം ഇളക്കും. പനി, നീരിറക്കം, ചുമ, ശ്വാസപ്രയാസം ഇവയെ മാറ്റും. ഇതിന്റെ ഇലയിൽനിന്ന് ബാഷ്പശീല സുഗന്ധതൈലം വാറ്റിയെടുക്കുന്നു.

മൂത്രതടസ്സം മാറ്റും. കൃമിഹരം, വിഷബാധ, അതിസാരം, അപസ്മാരം തുടങ്ങിയവയെ ശമിപ്പിയ്ക്കുന്നു. മൂത്രസഞ്ചിയിലെ കല്ല് ഉരുക്കിക്കളയാനുള്ള ശക്തി കൂടിയുണ്ട്.

ഉപയോഗങ്ങൾ നിരവധിയാണ്. ഇലനീരിൽ കൽക്കണ്ടം പൊടിച്ചു ചേർത്തു നല്കിയാൽ ഉടൻ ചുമ മാറും. നീർവീഴ്ച, ചുമ, തുമ്മൽ ഇവയ്ക്ക് ഇത് അത്യുത്തമം. ഇലനീരിൽ നല്ലെണ്ണയും പഞ്ചസാരയും ചേർത്ത് കുഴമ്പാക്കി തലയിൽ തേച്ചാൽ സുഖം ലഭിയ്ക്കും. ഇലയുടെ സ്വരസത്തിൽ എണ്ണ കാച്ചി പതിവായി തേച്ചാൽ കണ്ണിന് കുളിർമ്മയും കാഴ്ചശക്തിയും ലഭിയ്ക്കും.

ഇലനീരിൽ പകുതി ഗോരോചനനാദി ഗുളിക അരച്ചുചേർത്ത് നല്കിയാൽ കുട്ടികളുടെ നീരിറക്കം, ചുമ, കഫക്കെട്ട്, തുമ്മൽ (അലർജി) ഇവ ഭേദമാകും. ഇതുതന്നെ തേൻ ചേർത്ത് മുതിർന്നവർക്കും ഉപയോഗിക്കാം.

ഇലക്കറികളിലും ചമ്മന്തിയിലും പച്ചടിയിലും മറ്റും ചേരുവയാക്കാം. മോരു കാച്ചുമ്പോൾ തിളച്ചുവരുന്ന സമയത്ത് മൂന്നോ നാലോ ഇല ചേർക്കുകയാണെങ്കിൽ നല്ല മണവും ഗുണവും ലഭിക്കും. ഇതു നമുക്കൊരു ശീലമാക്കാവുന്നതാണ്.

ഇതിന്റെ ഇലയിട്ട് തിളപ്പിച്ച ആവികൊണ്ടാൽ തൊണ്ടവേദന ഭേദമാകും.

പ്രസവിച്ച് ദിവസമായ കുഞ്ഞുങ്ങളുടെ വായപൂക്കുന്നതിനും വെള്ളമൊലിയ്ക്കുന്നതിനും പനിക്കൂർക്ക ഇലനീരിൽ അല്പം പുളിച്ച മോരു ചേർത്ത് നല്കിയാൽ മതി.

ഇല ചുട്ടെടുത്ത ഭസ്മം കുഞ്ഞിന്റെ നെറുകയിൽ തിരുമ്മിയാൽ നീർവീഴ്ച വിട്ടുമാറും. ഇല അരച്ചിട്ടാൽ ക്ഷുദ്രപ്രാണികൾ വരുത്തിത്തീർത്ത അസ്വാ

സ്ഥ്യങ്ങൾ മാറും.

ഇലനീര് ചെങ്കണ്ണിന് ശ്രദ്ധയോടെ അരിച്ച് എടുത്ത് ഉപയോഗിച്ചാൽ നല്ല ഫലം കിട്ടും.

ഒരു ഗ്ലാസ് വെള്ളത്തിൽ ഒരു ചെറുനാരങ്ങയുടെ തൊലിചേർത്ത് തിളപ്പിച്ചാറ്റി പനിക്കൂർക്ക ഇലനീർ ചേർത്ത് കിടക്കാൻ നേരം പതിവായി സേവിച്ചാൽ ഗ്യാസ്ട്രബിൾ മാറും.

---

### ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (1)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

ഈ ലക്കം മുതൽ ശ്രീ ജഗദ്ധരഭട്ടൻ രചിച്ച സ്തുതികുസുമാഞ്ജലി എന്ന ഗ്രന്ഥത്തിന്റെ സാമാന്യപരിചയമാണ് പ്രതിപാദിക്കാൻ പോകുന്നത്. സ്തുതികളാകുന്ന പൂക്കൾക്കൊണ്ട് പരമശിവനെ അർച്ചന ചെയ്യുന്നതാണ് ഈ കൃതി. എ.ഡി. 14-ാം നൂറ്റാണ്ടിലാണ് ഈ കൃതി എഴുതപ്പെട്ടതെന്ന് കരുതുന്നത്. 39 അദ്ധ്യായ (സ്തോത്രങ്ങൾ) ങ്ങളോടുകൂടിയ ഈ ഗന്ഥത്തിൽ 1439 സ്തുതികൾ ഉണ്ട്. 12-ാം നൂറ്റാണ്ടോടുകൂടി സംസ്കൃതം മരിച്ചു എന്ന് അഭിപ്രായപ്പെട്ടുന്നവർക്കുള്ള ഒരു മറുപടികൂടിയാണ് ശ്രീ ജഗദ്ധരഭട്ടന്റെ സ്തുതികുസുമാഞ്ജലി. ഓരോ സ്തോത്രത്തിനും വ്യത്യസ്ത നാമങ്ങളോടുകൂടിയ ഈ ഗ്രന്ഥം അതിവിശിഷ്ടവും ബൃഹത്തുമാണ്.

ശ്രീ ജഗദ്ധരഭട്ടൻ കാശ്മീരദേശത്തിൽ എ.ഡി. 1350-ൽ ജീവിച്ചിരുന്നു എന്ന് കരുതപ്പെടുന്നു. ഇദ്ദേഹത്തിന്റെ മുത്തച്ഛന്റെ പേര് ഗൗരധരൻ എന്നും അച്ഛന്റെ പേര് രത്നധരൻ എന്നുമാണ്. ജഗദ്ധരഭട്ടന്റെ മുത്തച്ഛനായ ഗൗരധരൻ പണ്ഡിതനും സമസ്തശാസ്ത്രങ്ങളിലും പാരംഗതനുമായിരുന്നു. ഇദ്ദേഹം യജുർവേദത്തിന് 'വേദവിലാസം' എന്ന പേരിൽ ഒരു ഭാഷ്യം രചിച്ചിട്ടുണ്ട്.

ശ്രീ ജഗദ്ധരഭട്ടൻ തർക്കശാസ്ത്രത്തിലും വ്യാകരണത്തിലും അതീവ നിപുണൻ ആയിരുന്നു. അദ്ദേഹം സ്വന്തം പുത്രനായ യശോധരഭട്ടനുവേണ്ടി 'ബാലബോധിനീ' എന്ന വ്യാകരണഗ്രന്ഥം രചിച്ചിട്ടുണ്ട്. ശ്രീ രാജാനക ശിതികണ്ഠന് ഈ ടീകാ രചിച്ചതിന് ആ സമയത്തെ ഗുജറാത്തിന്റെ അധിപതിയായിരുന്ന ശ്രീ മുഹമ്മദശാഹൻ പാരിതോഷികം നല്കിയിട്ടുണ്ട്. ഇദ്ദേഹം 1458 മുതൽ 1511 വരെ ഗുജറാത്ത് ഭരിച്ചിരുന്നു. ഏകദ്ദേശം ആ സമയത്തുതന്നെയാണ് ഹസൻശാഹൻ കാശ്മീരദേശം ഭരിച്ചിരുന്നത്. ഉദ്ദേശം 1472 മുതൽ 1484 വരെ. ഇതിന് ഏകദ്ദേശം 150 വർഷങ്ങൾക്കു മുമ്പാണ് ജഗദ്ധരഭട്ടൻ ജീവിച്ചിരുന്നത് എന്ന് കരുതപ്പെടുന്നത്. അതുകൊണ്ടാണ് 1350 എ.ഡി.

ആയിരിക്കാം ഇദ്ദേഹത്തിന്റെ കാലഘട്ടം എന്ന് കണക്കാക്കുന്നത്.

ശ്രീ ജഗദ്ധരഭട്ടന്റെ സ്തുതികുസുമാഞ്ജലി എന്ന ഗ്രന്ഥത്തിന് 'ലഘുപഞ്ചികാ' എന്ന ഒരു സംസ്കൃതഭാഷ്യം ശ്രീ രാജാനക രത്നകണ്ഠൻ രചിച്ചിട്ടുണ്ട്. ഇദ്ദേഹവും കാശ്മീരദേശ നിവാസിയായിരുന്നു. ശ്രീ രാജാനക രത്നകണ്ഠന്റെ മറ്റു ഗ്രന്ഥങ്ങൾ കാവ്യപ്രകാശ ടീകാ സാരസമുച്ചയം. ചിത്രഭാനുശതകം, യുധിഷ്ഠിരവിജയ ടീകാ എന്നിവയാണ്. ശ്രീ രാജാനക രത്നകണ്ഠൻ ഔറംഗസേബിന്റെ കാലത്ത് ജീവിച്ചിരുന്ന പണ്ഡിതനാണ്. ഇദ്ദേഹം 1738 എ.ഡി. യിലാണ് സ്തുതികുസുമാഞ്ജലിക്ക് ഭാഷ്യം രചിച്ചിരിക്കുന്നത്. ഈ ഭാഷ്യത്തിൽ ശ്രീ രാജാനക രത്നകണ്ഠൻ മറ്റു പല ഭാഷ്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. പ്രാചീന ടീകാ, പ്രാചീനാദർശ ടീകാ, ജിതേന്ദ്രിയകൃത ടീകാ എന്നിവയാണവ. എന്നാൽ ഇന്ന് രാജാനക രത്നകണ്ഠൻ എഴുതിയ 'ലഘുപഞ്ചിക'യെന്ന സംസ്കൃത ടീകാ മാത്രമേ ലഭ്യമായിട്ടുള്ളൂ.

ശ്രീ ജഗദ്ധരഭട്ടനാൽ വിരചിതമായ സ്തുതികുസുമാഞ്ജലിയുടെ സാമാന്യ അർത്ഥവിവരണമാണ് ഇവിടെ പ്രതിപാദിക്കാൻ പോകുന്നത്.

# പ്രഥമസ്തോത്രം

## സ്തുതി പ്രസ്താവനാസ്തോത്രം

### സ്തുതി 1

*ഹ്ലാദവദ്ഭിരമലൈരനർഗളൈർജീവനൈരഘഹരൈർനവൈരിയം*
*സ്വാമിനഃ ക്ലമശക്ഷമൈഃ ക്ഷണം രോദ്ധുമർഹതി മനഃ സരസ്വതീ*

അർത്ഥം - എപ്രകാരമാണോ നദി ആഹ്ലാദമയമായി മലമില്ലാതെ അനർഗളമായി അവിച്ഛിന്നമായി ക്ലേശങ്ങളെ തീർത്തുകൊണ്ട് പുതിയ ജീവനുകളെനനയിപ്പിച്ചുകൊണ്ട് എല്ലാവരുടേയും മനസ്സിനെ കുറച്ചുനേരത്തേക്കെങ്കിലും ആനന്ദത്തെ പ്രദാനം ചെയ്യുന്നത്, അപ്രകാരം സരസ്വതീരൂപിയായ എന്റെ വാണിയോടു കൂടിയ മുൻപറഞ്ഞ വിശേഷണങ്ങളോടുകൂടിയ ഈ സ്തോത്രങ്ങൾ എന്റെ സ്വാമിയായ ശ്രീ സദാശിവനെ അഖണ്ഡസമാധിയിൽനിന്നും കുറച്ചുനേരത്തേക്കെ ങ്കിലും ചലിപ്പിച്ച് എന്നിൽ അനുകമ്പ ചൊരിയട്ടെ.

### സ്തുതി 2

*സ്വാമിനഃ സ്ഥിരഗുണാ സവക്രിമാ കർണ്ണയോരമൃതവരിഷിണീ മനഃ*
*കർത്തുമർഹതി മുഹൂർത്തമുജ്ഝിതസ്വൈരചാപലമിയം സരസ്വതീ*

അർത്ഥം - എപ്രകാരമാണോ നിശ്ചല തന്ത്രികളോടുകൂടിയതും കേൾക്കുന്നവരിൽ അമൃതവർഷത്തെ ചൊരിയുന്നതുമായ വീണയുടെ സുമനോഹരശ

ബ്ദ ത്താൽ ജനങ്ങളുടെ മനസ്സിന് കുറച്ചു നേരത്തേക്കെങ്കിലും മോഹിപ്പിക്കുന്നത്, അപ്രകാരം മാധുര്യമായതും ശബ്ദഗുണത്തോടും അർത്ഥഗുണത്തോടും കൂടിയതും സുമനോഹരവും കേൾക്കുന്നവരിൽ അമൃതസമാനമായ ആനന്ദത്തെ പ്രദാനം ചെയ്യുന്നതുമായ എന്റെ സരസ്വതി (സ്തുതികൾ) ആ പരമേശ്വരനെ കുറച്ചുനേര ത്തേക്കെങ്കിലും മോഹിപ്പിക്കാൻ കഴിയട്ടെ.

(തുടരും)

---

# നാഗസ്തോത്രം

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

1. *ബ്രഹ്മലോകേ ച യേ സർപ്പാഃ ശേഷനാഗാഃ പുരോഗമാഃ*
   *നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - ബ്രഹ്മലോകത്തിൽ വസിക്കുന്ന ശേഷൻ തുടങ്ങിയ നാഗസമൂഹത്തോടുകൂടിയ മുന്നോട്ടു ഗമിക്കുന്നവരായ യാതൊരു സർപ്പങ്ങളാണോ ഉള്ളത് അവർക്കെല്ലാം നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

2. *വിഷ്ണുലോകേ ച യേ സർപ്പാഃ വാസുകി പ്രമുഖാശ്ചയേ*
   *നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - വിഷ്ണുലോകത്തിൽ വസിക്കുന്ന വാസുകി തുടങ്ങിയ യാതൊരു സർപ്പങ്ങളാണോ ഉള്ളത് അവർക്കെല്ലാം നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

3. *രുദ്രലോകേ ച യേ സർപ്പാഃ തക്ഷകഃ പ്രമുഖാസ്തദാ*
   *നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - രുദ്രലോകത്തിൽ വസിക്കുന്ന തക്ഷകൻ തുടങ്ങിയ യാതൊരു സർപ്പങ്ങളാണോ ഉള്ളത് അവർക്കെല്ലാം നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

*4. ഖാണ്ഡവസ്യ തഥാ ദാഹേ സ്വർഗ്ഗം ച യേ സമാശ്രിതാഃ*
*നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - മഹാഭാരതത്തിലെ ഖാണ്ഡവദഹന സമയത്ത് കൃഷ്ണാർജ്ജുനന്മാരാൽ യാതൊരു സർപ്പങ്ങളാണോ സ്വർഗ്ഗലോകം പൂകിയത് അവർക്കെല്ലാം നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

*5. സർപ്പസത്രേ ച യേ സർപ്പാഃ ആസ്തികേനാഭിരക്ഷിതാഃ*
*നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - മഹാഭാരതത്തിൽ ജനമേജയനാൽ നടത്തപ്പെട്ട സർപ്പസത്രത്തിൽ ആസ്തികൻ എന്ന മഹർഷിബാലനാൽ രക്ഷിക്കപ്പെട്ടതായ യാതൊരു സർപ്പങ്ങളാണോ ഉള്ളത് അവർക്കെല്ലാം നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

(മഹാഭാരതത്തിൽ ജരൽക്കാരു എന്ന മഹർഷിവര്യന് വാസുകിയുടെ സഹോദരിയായ ജരൽക്കാരു എന്നുതന്നെ പേരുള്ള ഒരു നാഗകന്യകയിൽ ജനിച്ച ബാലകനാണ് ആസ്തികൻ. ഈ ബാലകനാണ് പിന്നീട് ജനമേജയന്റെ സർപ്പങ്ങളെ ഹനിക്കുന്ന സർപ്പസത്രം അവസാനിപ്പിച്ച മറ്റു സർപ്പങ്ങളെയെല്ലാം രക്ഷിക്കുന്നത്. (മഹാഭാരതം/ആസ്തികപർവ്വം).

*6. പ്രളയേ ചൈവ യേ സർപ്പാഃ കാർക്കോട പ്രമുഖാശ്ചയേ*
*നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - പ്രളയകാലത്തിലുള്ള കാർക്കോടകൻ തുടങ്ങിയ യാതൊരു സർപ്പങ്ങളാണോ ഉള്ളത് അവർക്കെല്ലാം നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

*7. ധർമ്മലോകേ ച യേ സർപ്പാഃ വൈതരണ്യാം സമാശ്രിതാഃ*
*നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - ധർമ്മലോകത്തിൽ (യമലോകം) വൈതരണീനദിയിൽ വസിക്കുന്ന യാതൊരു സർപ്പങ്ങളാണോ ഉള്ളത് അവർക്കെല്ലാം നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

*8. യേ സർപ്പാഃ പർവ്വതേ യേഷു ദാരിസന്ധിഷു സംസ്ഥിതാഃ*

*നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - യാതൊരു സർപ്പങ്ങളാണോ പർവ്വതങ്ങളിലും അവയുടെ വിടവുകളിലും സന്ധികളിലുമെല്ലാം വസിക്കുന്നത് അവർക്കെല്ലാം നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

*9. ഗ്രാമേ വാ യാദി വാരണ്യേ യേ സർപ്പാഃ പ്രചരന്തി ച*
*നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - യാതൊരു സർപ്പങ്ങളാണോ ഗ്രാമങ്ങളിലും കാടുകളിലും ഇരിക്കുന്നത് അവർക്കെല്ലാം നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

*10. പൃഥിവ്യാം ചൈവ യേ സർപ്പാഃ യേ സർപ്പാഃ ബിലസംസ്ഥിതാഃ*
*നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - ഭൂമിയിൽ ചരിക്കുന്നവരും മറ്റു മാളങ്ങളിൽ വസിക്കുന്നവരുമായിട്ടുള്ള എല്ലാ സർപ്പങ്ങൾക്കും നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

*11. രസാതലേ ച യേ സർപ്പാഃ അനന്താദിമഹാബാലാഃ*
*നമോസ്തു തേഭ്യഃ സുപ്രീതാഃ പ്രസന്നാഃ സന്തു മേ സദാ*

സാരം - ഭൂമിയ്ക്കും പാതാളത്തിനുമിടയിലുള്ള ലോകങ്ങളിലൊന്നായ രസാതലത്തിൽ വസിക്കുന്ന മഹാബാലന്മാരായ അനന്തൻ തുടങ്ങിയ സർപ്പങ്ങൾക്കു നമസ്കാരം. അവരെല്ലാംതന്നെ സന്തോഷവാന്മാരായി എന്നിൽ എക്കാലത്തും പ്രസന്നരായി ഭവിക്കട്ടെ.

ഇതി നാഗസ്തോത്രം സമ്പൂർണ്ണം
ഇപ്രകാരം നാഗസ്തോത്രം സമ്പൂർണ്ണമായി.

## ഫലശ്രുതി

ലളിതമായതും എന്നാൽ മഹത്തായതുമായ ഈ സ്തോത്രം നിത്യം ജപിക്കുന്നവർക്ക് സർപ്പദോഷങ്ങളകലുകയും സർപ്പപ്രീതി ഉണ്ടാകുകയും ചെയ്യും.

# കാശ്മീര ശൈവസമ്പ്രദായം (8)
## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

മുൻപറഞ്ഞതുപോലെ തന്ത്രാലോകത്തിൽ ആകെ 37 അദ്ധ്യായങ്ങളാണു ള്ളത്. അദ്ധ്യായങ്ങൾക്ക് ആഹ്നികങ്ങൾ എന്നാണ് പേര് നൽകിയിരിക്കുന്നത്. ഇതിൽ 37 ആഹ്നികങ്ങൾക്കും പേര് കൊടുക്കുന്നത് ജയരഥനാണ്. അഭിനവഗു പ്തൻ ചില അദ്ധ്യായങ്ങളുടെ ഉള്ളടക്കം എന്താണെന്ന് പറയുന്നുണ്ടെങ്കിലും അതി ൽനിന്നും വ്യത്യസ്തമായാണ് ജയരഥൻ ആഹ്നികങ്ങൾക്ക് പേരുകൾ നിർദ്ദേശിച്ചു കാണുന്നത്. 37 അദ്ധ്യായങ്ങളിലായി 5844 ശ്ലോകങ്ങൾ. ഇവയെല്ലാം പല വൃത്തങ്ങളിൽ ഉള്ളവ. ഇതാണ് തന്ത്രാലോകത്തിന്റെ ഘടന.

തന്ത്രാലോകം ആദ്യം പ്രസിദ്ധീകരിക്കുന്നത് The Kashmir Series of Texts and Studies-ന്റെ ഭാഗമായാണ്. മധുസൂദന കൗൾ എഡിറ്റ് ചെയ്ത് 1922-ൽ ഇറ ക്കിയ ഈ പതിപ്പ് ഇന്ന് ഇന്റർനെറ്റിൽ ലഭ്യമാണ്. ഇത് Mothilal Banarsidas പിന്നീട് പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ രണ്ടു പ്രസിദ്ധീകരണങ്ങളിലും ഒരുപാട് തെറ്റുകൾ വന്നുകൂടിയിട്ടുള്ളതായി നവജീവൻ രസ്തോഗി നിരീക്ഷിക്കുന്നുണ്ട്. തന്ത്രാലോകത്തിന്റെ പല പല പതിപ്പുകൾ താളിയോലകളിലായി കിട്ടാനുണ്ടെങ്കി ലും ഇതിന്റെ Critical Edition ഇന്നേവരെ ഇറങ്ങിയിട്ടില്ല എന്നുള്ളത് ശ്രദ്ധേയ മായ ഒരു വസ്തുതയാണ്.

അഭിനവഗുപ്തൻ തന്ത്രാലോകത്തിന്റെ ഒന്നാമദ്ധ്യായത്തിൽ വിഷയങ്ങളെ സാമാന്യമായി രണ്ടായി തിരിച്ചിരിക്കുന്നു. പൂർവ്വജോദ്ദേശം, അനുജോദ്ദേശം എന്നിങ്ങനെ. പൂർവ്വജോദ്ദേശം എന്നാൽ വിഷയങ്ങളെ സാമാന്യമായി പറയൽ എന്നാണ്. അനുജോദ്ദേശം എന്നാൽ ഓരോ അദ്ധ്യായത്തിലും വരുന്ന വിശേഷ വിഷയങ്ങളെ പ്രതിപാദിക്കലാണ്.

തന്ത്രാലോകത്തിലെ അദ്ധ്യായങ്ങളും അവയിൽ പ്രതിപാദിച്ചിട്ടുള്ള പ്രധാന വിഷയങ്ങളും ഉപവിഷയങ്ങളും താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1. | വിജ്ഞാനഭേദപ്രകാശനം | ആണവ, ശാക്ത, ശാംഭവ, അനുപപായങ്ങൾ, പാശം, മലം, മുക്തി. |
| 2. | അനുപായപ്രകാശനം | |

| | | |
|---|---|---|
| 3. | ശാംഭവോപായപ്രകാശനം | വിശ്വചിത് പ്രതിബിംബത്വം, വിസർഗ്ഗതത്വം |
| 4. | ശാക്തോപായപ്രകാശനം | വികല്പസംസ്കാരം, സംവിച്ചക്രോദയം, മന്ത്രവീര്യം, 12 കാളികൾ |
| 5. | ആണവോപായപ്രകാശനം | പ്രാണ സമുച്ചാരം, വർണ്ണതത്വം, കരണങ്ങൾ |
| 6. | കാലതത്വപ്രകാശനം | വർണ്ണോദയം, ഷഡദ്ധ്വം, തുടി, പ്രാണസഞ്ചാരം |
| 7. | ചക്രോദയപ്രകാശനം | ചക്രഭേദം, മന്ത്രവിദ്യാഭേദം |
| 8. | ദേശാദ്ധ്വപ്രകാശനം | തത്വയോജനം |
| 9. | തത്വപ്രകാശനം | കാര്യകാരണഭാവം, തത്വക്രമനിരൂപണം, പ്രളയാകലൻ, വിജ്ഞാനകലൻ, മലതത്വം, മരണദീക്ഷ |
| 10. | തത്വഭേദപ്രകാശനം | തത്വവിധി, ജാഗ്രദാദി നിരൂപണം, പ്രാതൃഭേദം |
| 11. | കലാദിപ്രദർശനം | കലാസ്വരൂപം, വർണ്ണഭേദക്രമം, പദം, മന്ത്രം, വർണ്ണം |
| 12. | അദ്ധ്വോപയോഗപ്രകാശനം | |
| 13. | ശക്തിപാതപ്രദർശനം | മലാദിതത്വം, ശക്തിവിചിത്രതാ |
| 14. | ദീക്ഷോപക്രമപ്രകാശനം | ഉദ്ക്രാന്ത്യനുപയോഗിത്വം |
| 15. | സമയദീക്ഷാപ്രകാശനം | ശിഷ്യൗചിത്യപരീക്ഷാ, സാമാന്യന്യായഭേദം, അർഘപാത്രവിധി, ദ്രവ്യയോഗ്യത്വം, ബഹിരർച്ചാ, ദ്വാരാർച്ചനം, ദിക്സ്വരൂപം, ദേഹപ്രാണാദിശോധനം, വിശേഷാർഘപാത്രവിധി, വഹ്നികാര്യം, തർപ്പണം, ചരുസംസിദ്ധി, ശിവഹസ്തവിധി, ശയ്യാക്ല്പ്തി, സമയകർമ്മം |

| | | |
|---|---|---|
| 16. | പ്രമേയപ്രകാശനം | നിവേദ്യപശ്രുവിസ്തരം, ശിഷ്യദേഹത്തിലുള്ള അദ്ധ്വന്യാസവിധി, ദീക്ഷാഭേദം, പരന്യാസം, യോജനികാഭേദം |
| 17. | വിസ്തൃതദീക്ഷാപ്രകാശനം | തത്വശുദ്ധി, അദ്ധ്വഭേദം |
| 18. | സംക്ഷിപ്തദീക്ഷാപ്രകാശനം | മന്ത്രഭേദം |
| 19. | സദ്യ ഉത്ക്രാന്തിപ്രകാശനം | ബ്രഹ്മവിദ്യാവിധി |
| 20. | തുലാദീക്ഷാപ്രകാശനം | അധികാരിപരീക്ഷാ, തുലാവിധി |
| 21. | പരോക്ഷദീക്ഷാപ്രകാശനം | മൃതജീവദ് വിധി, ജലോപദേശം |
| 22. | ലിംഗോദ്ധാരപ്രകാശനം | |
| 23. | അഭിഷേകപ്രകാശനം | സാധകതത്വം |
| 24. | അന്ത്യേഷ്ടിപ്രകാശനം | അധികാരീ, സംസ്കാരപ്രയോജനം |
| 25. | ശ്രാദ്ധപ്രകാശനം | |
| 26. | സ്ഥണ്ഡിലപൂജാപ്രകാശനം | ശേഷവൃത്തിപ്രയോജനം |
| 27. | ലിംഗാർച്ചാപ്രകാശനം | അക്ഷസൂത്രനിരൂപണം, പൂജാഭേദം |
| 28. | പർവ്വപത്രകാദിപ്രകാശനം | നൈമിത്തിക പ്രയോജനവിധി, പർവ്വഭേദം, ചക്രാച്ചനം |
| 29. | രഹസ്യവിധിപ്രകാശനം | അധികാരിഭേദം, സിദ്ധപത്നീകുല ക്രമം, അർച്ചാവിധി, ദീക്ഷാവിധി. |
| 30. | മന്ത്രാദിപ്രകാശനം | മന്ത്രസ്വരൂപം, മന്ത്രവീര്യം |
| 31. | മണ്ഡലപ്രകാശനം | ശൂലാബ്ജഭേദം |
| 32. | മുദ്രാപ്രകാശനം | കാലഭേദം |
| 33. | ഏകീകാരപ്രകാശനം | |
| 34. | ഏകീകാരപ്രകാശനം | |

| | | |
|---|---|---|
| 35. | ശാസ്ത്രസമ്മേളനം | |
| 36. | ആയാതിക്രമനിരൂപണം | |
| 37. | ഉപാദേയഭാവാദി നിരൂപണം | |

തന്ത്രാലോകം ഒന്നാം അദ്ധ്യായത്തിൽ അഭിനവഗുപ്തൻ വിഷയങ്ങളെ സാമാന്യമായി നിർദ്ദേശിക്കുന്നത് ഇപ്രകാരമാണ്.

*തത്രോച്യതേ പുരോദ്ദേശഃ
പൂർവ്വജാനുജഭേദവാൻ
വിജ്ഞാനഭിദ്ഗതോപായഃ
പരോപായസ്തൃതീയകഃ*

*ശാക്തോപായോ നരോപായഃ
കാലോപായോഥ സപ്തമഃ
ചക്രോദയോഥ ദേശാദ്ധ്വാ
തത്വാദ്ധ്വാ തത്വഭേദനം*

*കലാദ്യദ്ധ്വാദ്ധ്വോപയോഗം
ശക്തിപാതതിരോഹിതീ
ദീക്ഷോപക്രമണം ദീക്ഷാ
സമയീ പൗത്രികേ വിധൗ*

*പ്രമേയപ്രക്രിയാസൂക്ഷ്മാ
ദീക്ഷാ സദ്യഃ സമുത്ക്രമഃ
തുലാദീക്ഷാഥ പാരോക്ഷീ
ലിംഗോദ്ധാരോഭിഷേചനം*

*അന്ത്യേഷ്ടിഃ ശ്രാദ്ധക്ലൃപ്തിശ്ച
ശേഷവൃത്തിനിരൂപണം
ലിംഗാർച്ചാ ബഹുഭിത്പർവ്വ
പവിത്രാദി നിമിത്തജം*

*രഹസ്യചര്യാ മന്ത്രൗഘൗ
മണ്ഡലം മുദ്രകാവിധിഃ
ഏകീകാരഃ സ്വസ്വരൂപേ
പ്രവേശഃ ശാസ്ത്രമേളനം*

*ആയാതികഥനം ശാസ്ത്രോ-
പാദേയത്വനിരൂപണം*

(തുടരും)

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (9)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

ഇത്ഥം പരതത്ത്വസ്വരൂപനിരൂപണപൂർവ്വം പ്രകാശ്യഭേദേന ജഗതഃ ഷട്ത്രിംശത് തത്ത്വാത്മകസ്യ സ്ഥിതിം വിധായ പുനരപ്യേതസ്യ സമുത്പത്തി ക്രമേണ പ്രതിതത്ത്വം സ്വരൂപം കാരികാഭിഃ പ്രതിപാദയതി.

*14. ശിവശക്തി സദാശിവാതാമീശ്വരവിദ്യാമയീം ച തത്ത്വദശാം.*
*ശക്തീനാം പഞ്ചാനാം വിഭക്തഭാവേന ഭാസയതി.*

## സാരം

ഇപ്രകാരം പരതത്ത്വത്തിന്റെ വിശദമായ നിരൂപണാനന്തരം ആ പ്രകാശ സ്വരൂപത്തിൽനിന്നും ഭേദമില്ലാതെ 36 തത്ത്വങ്ങളായി നിലനില്ക്കുന്ന ജഗത്തിന്റെ സ്ഥിതിയെ പ്രതിപാദിച്ചതിനുശേഷം ഉത്പത്തിക്രമത്താൽ ഓരോ തത്ത്വത്തിന്റെയും സ്വരൂപം ഇനി പറയുന്ന കാരികകളിൽ വിശദമാക്കുന്നു.

14. ശിവൻ, ശക്തി, സദാശിവൻ, ഈശ്വരൻ, വിദ്യ[1] എന്നീ തത്ത്വാവസ്ഥകളായി പരമമായതിന്റെ അഞ്ചു ശക്തികളായി വിഭജിക്കപ്പെട്ടതായിട്ടു പ്രകാശിക്കുന്നു.

## വിവൃതി

യോഽയം പരമശിവഃ പരതത്ത്വനിരൂപണയാ സമനന്തരപ്രതിപാദിതസ്വരൂപഃ സ്വസ്വരൂപരൂപായാം ശക്തയശ്ചിന്നിർവൃതീച്ഛാജ്ഞാനക്രിയാഖ്യാഃ പഞ്ചാനന്തശക്തിവ്രാതഹേതുഭൂതാസ്താസാമേവപഞ്ചാനാം ശക്തീനാം ഭിന്നത്വേനാതദ്വ്യാവൃത്ത്യേമാം തത്ത്വദശാം പഞ്ചസംഖ്യാവച്ഛിന്നാമേവ ഭാസയതി. സ്വാലക്ഷണ്യേന പ്രകടതീത്യർത്ഥഃ കീദൃശീം താമിത്യാഹ ശിവഇത്യാദി. ശിവശ്ച ശക്തിശ്ച സദാശിവശ്ച തേഷാം ഭാവോ യസ്യാ സാ തഥാ. അത്ര പ്രതിതത്ത്വം സ്വരൂപം പ്രദർശ്യതേ. തഥാഹി സർവ്വപ്രമാതൄണാമന്തഃ പൂർണ്ണാഹന്താ ചമത്കാരമയം സർവ്വതത്ത്വോത്തീർണ്ണം മഹാപ്രകാശവപുര്യച്ചൈതന്യമേതദേവ ശിവതത്ത്വം. അത്ര തത്ത്വനിരൂപണമുപദേശ്യ ജനാപേക്ഷയതി. തസ്യൈവ ഭഗവതശ്ചിദ്രൂപ

സ്വാനന്ദരൂപാ വിശ്വം ഭവാമീതി പരാമൃശതോ വിശ്വഭാവസ്വഭാവമയീ സംവിദേവ കിഞ്ചിദുച്ഛൂനതാരൂപാ സർവ്വഭാവാനാം ബീജഭ്രൂമിരിയം ശക്ത്യവസ്ഥാ. ഏഷൈവ വിശ്വഗതസൃഷ്ടി സംഹാരോപചാരാത്കൃശപൂർണോഭയരൂപാപ്യേകൈവ സർവ്വ രഹസ്യനയേഷു ഗീയതേ. പുനരപ്യത്രൈവ വിശ്വസമുത്പത്തി ബീജഭ്രമൗ മഹാ ശൂന്യാതിശൂന്യാഖ്യായാം മഹേശസ്യ അഹമിദമിത്യഭേദേന പൂർണ്ണാഹന്താമയേ. യശ്ചമത്കരോ ജ്ഞാനപ്രാധാന്യാത് ക്രിയാഭാഗസ്യാഹന്താ വിശ്രാന്തേഃ സേയം സദാശിവദശാ. അത്ര മന്ത്രമഹേശ്വരാഃ പ്രമാതരസ്തിഷ്ഠന്തി. തഥാത്രൈ വാഹമിദമിത്യഭേദേനാഹന്താമയോഃ സമധൃത തുലാപുടന്യായേന യഃ സ്വാത്മചമ ത്കാരഃ സൈഷാ തസ്യേശ്വരാവസ്ഥാ. അത്രാപി മന്ത്രേശ്വരാഃ പ്രമാതാരഃ. അത്രാപി ഇദന്താ പ്രാധാന്യേന അഹന്താഗുണീകാരേണ യോ ∫ ഹമഹമിദമിദമി ത്യേവം രൂപശ്ചമത്കാരഃ സദ്യോജാതബാലസ്യേവ ശിരോംഗുലീനിർദ്ദേശ്യ ഏത ദേവബോധസാരത്വാദ് ഭഗവദഃ ശുദ്ധവിദ്യാ തത്ത്വം. അത്ര വിദ്യേശ്വരൈഃ സഹ സപ്തകോട്യസ്തു മന്ത്രാണാം വാചകതയാ അനുഗ്രഹസ്വഭാവാത് പശൂനുദ്ധർത്തും വാച്യാന്മന്ത്രമഹേശ്വരമന്ത്രേശ്വരാൻ പ്രത്യവതിഷ്ഠന്തേ. അത്ര വിദ്യാതത്ത്വേ വിദേ ശ്വരപ്രമാതൃണാം ബോധരൂപത്വാവിശേഷേ ∫ പി യാ ഭേദപ്രഥാ സാ മായാശക്തി കൃതൈവേത്യാഗമേഷു ഗീയതേ.

മായോപരിമഹാമായ ഇതി.

യേന തത്രസ്ഥാ മന്ത്രാ മഹാമായാ പ്രവേശാദണവഃ ഇത്യുച്യന്തേ. മായാ തത്ത്വോപരി ശുദ്ധവിദ്യാധശ്ച വിജ്ഞാനാകലാ. പ്രമാതാര ആണവമലഭാജനം. ഏവമേകമേവേദം ശിവസ്വരൂപം തുര്യാതീതമപി തുര്യരൂപതയാ തത്ത്വപഞ്ചകത യാ ഗീയതേ. തസ്മാദേക ഏവൈഷ സ്വതന്ത്രഃ കർത്താ പ്രകാശതേ യസ്യാഹമി ദമിതി സദാശിവേശ്വരഭ്രമൗ യഃ പ്രകാശ ഏതദേവ ശുദ്ധ വേദനരൂപം കരണം വക്ഷ്യമാണോ മായാതത്ത്വാദി ധരാന്തസ്തത്ത്വസർഗ്ഗശ്ച കാര്യമിത്യേവ കർത്തൃ കരണക്രിയാരൂപ ഏക ഏവ സ്വാത്മമഹേശ്വരാഖ്യ പരപ്രമാതാവിജൃംഭതേ.

## പരിഭാഷ

പരമതത്ത്വം എന്ന പേരിൽ മുമ്പ് പ്രതിപാദിച്ച യാതൊരു ശിവനാണോ ഉള്ളത് അതിന്റെ സ്വസ്വരൂപങ്ങളായി ചിത്ത്, നിവൃത്തി, ഇച്ഛാ, ജ്ഞാനം, ക്രിയാ എന്നീ അഞ്ചു ശക്തികൾ അനന്തമായ ശക്തിസമുദായത്തിന്റെ കാരണങ്ങളാ കുന്നു. ഇവകളെ ഭിന്നമായി വെവ്വേറെയായി അഞ്ചു വിഭാഗത്തിലുള്ള തത്ത്വങ്ങളു ടെ രൂപത്തിൽ പ്രകാശിപ്പിക്കുന്ന സ്വലക്ഷണങ്ങളോടുകൂടിത്തന്നെ പ്രകടിപ്പിക്കു ന്നുവെന്നർത്ഥം. അവ ഏതൊക്കെയാണെന്നു പറയുന്നു. ശിവൻ, ശക്തി, സദാ ശിവൻ എന്നിവയുടെ ഭാവം താ എന്ന പദംകൊണ്ടർത്ഥമാക്കി (ശിവശക്തിസ ദാശിവതാ). അതുപോലെ ഈശ്വരവിദ്യാമയീം എന്ന പദംകൊണ്ട് അവയുടെ ഭാവവും സാമ്യവും പ്രതിപാദിച്ചു. ഇനി ഇവിടെ ഓരോ തത്ത്വത്തിന്റേയും സ്വരൂപം പ്രദർശിപ്പിക്കുന്നു. സകല പ്രമാതാക്കളുടെയും ഉള്ളിൽ പൂർണ്ണമായ 'ഞാൻ' എന്ന അഹന്താ ചമത്കാരമയനായി എല്ലാ തത്ത്വങ്ങൾക്കും മുകളിലായി മഹാപ്രകാശ

രൂപനായി യാതൊരു ചൈതന്യമാണോ ഉള്ളത്, അതാണ് ശിവതത്ത്വം. ഇവിടെ ഈ തത്ത്വനിരൂപണം ഉപദേശിക്കപ്പെടേണ്ടതായുള്ള ജനങ്ങൾക്കുവേണ്ടിയാണ് ചെയ്യുന്നത്. ആ ചിദ്രൂപനായ ശിവന്റെ ആനന്ദരൂപമായി 'ഞാൻ വിശ്വമായി ഭവിക്കുന്നു' എന്ന പരാമർശം ചെയ്യുന്ന വിശ്വം എന്ന ഭാവംതന്നെ സ്വഭാവമായിട്ടുള്ള സംവിത് തന്നെയാണ് കുറച്ചു ശോഷിച്ച് സർവ്വഭാവങ്ങളുടെയും ബീജഭൂമിയായി ത്തീർന്ന ശക്തി എന്ന അവസ്ഥ. ഈ ശക്തിയെത്തന്നെയാണ് വിശ്വത്തിലെ സൃഷ്ടി, സംഹാരം എന്നിവയാൽ ഒന്നുതന്നെയായിരുന്നിട്ടും കൃശം, പൂർണ്ണം എന്നീ രൂപങ്ങളിൽ രഹസ്യശാസ്ത്രങ്ങളിൽ പരാമർശിക്കപ്പെടുന്നത്. വിശ്വത്തിന്റെ ഉൽപത്തിയുടെ ബീജഭൂമിയും മഹാശൂന്യാ അതിശൂന്യാ എന്നുപേരായ ശക്ത്യാവസ്ഥയിൽ മഹേശ്വരന് അഹം (ഞാൻ) ഇദം (ഞാൻ അനുഭവിക്കുന്ന പ്രപഞ്ചം) എന്നീ അവസ്ഥകളുടെ അഭേദം ഹേതുവായി പൂർണ്ണാഹന്താമയമായ യാതൊരു ചമത്കാരത്തിലാണോ ജ്ഞാനം പ്രാധാന്യമാ കുകയും ക്രിയാഭാഗം ആ അഹന്തയിൽ വിശ്രാന്തി പ്രാപിക്കുകയും ചെയ്യുന്നത് അതാണ് സദാശിവാവസ്ഥ. ഈ അവസ്ഥയിൽ മന്ത്രമഹേശ്വരനാണ് പ്രമാതാവ്. അഹന്ത, ഇദന്ത എന്നിവ ഒരേ തുലാസിൽ തുല്ല്യമായി ഒരേ അളവിൽ വച്ചിരിക്കുന്ന വസ്തുവിനെപ്പോലെയുള്ള അവസ്ഥയാണ് ഈശ്വരാവസ്ഥ. ഇവിടെ മന്ത്രേശ്വരന്മാരാണ് പ്രമാതാക്കൾ. ഈ അവസ്ഥയിൽ ഇദന്തയുടെ പ്രാധാന്യംമൂലം അഹന്ത ഗൗണമായി (ചെറുതായി) അഹം-അഹം, ഇദം-ഇദം എന്ന രൂപത്തിൽ നവജാത ശിശു തലയും വിരലുകളും അനക്കുന്നതുപോലെ കാണപ്പെടുന്ന അവസ്ഥയാണ് മഹേശ്വരന്റെ ശുദ്ധവിദ്യാ വസ്ഥ. ഇതിൽ വിദ്യേശ്വരന്മാർക്കൊപ്പം സപ്തകോടി മന്ത്രങ്ങളുടെ വാചകങ്ങളായി അനുഗ്രഹിക്കുക എന്ന സ്വഭാവംമൂലം പശുപ്രമാതാക്കളെ ഉദ്ധരിക്കുവാനായി വാച്യനായി മന്ത്രമഹേശ്വരൻ, മന്ത്രേശ്വരൻ എന്നിവർക്കായി നിലനില്ക്കുന്നു. ഇവിടെ വിദ്യാതത്ത്വത്തിൽ വിദ്യേശ്വരപ്രമാതാക്കളുടെ ബോധരൂപത്തിൽ ഭേദമില്ലെങ്കിൽ കൂടി മായാശക്തിയാൽ ചെയ്യപ്പെടുന്നതിനാലാണ് ഭേദത്തോടുകൂടിയതായി തോന്നുന്നത് എന്ന് ആഗമങ്ങളിൽ പറയപ്പെടുന്നു. മായക്കുമുകളിൽ മഹാമായ... എന്നിങ്ങനെ. ഇതേ കാരണംകൊണ്ട് അതിലുള്ള മന്ത്രപ്രമാതാക്കൾ മഹാമായയുടെ പ്രവേശംമൂലം അണുക്കൾ എന്നു പറയപ്പെടുന്നു. മായാതത്ത്വത്തിനുമുകളിൽ, വിദ്യാതത്ത്വത്തിനു താഴെയായുള്ള വിജ്ഞാനാകലപ്രമാതാക്കളാണ് ആണവമലത്തിന് പാത്രരാകുന്നത്. ഇപ്രകാരം ഏകമായ ശിവസ്വരൂപം തുരീയാതീതമായിട്ടുകൂടി, തുരീയരൂപമായി തത്ത്വപഞ്ചകരൂപങ്ങളായി അറിയപ്പെടുന്നു. അതിനാൽ ഏകമായ സ്വതന്ത്രമായ പ്രകാശിക്കുന്ന കർത്താവിന്റെ അഹം, ഇദം എന്നീ രൂപങ്ങളിലുള്ള സദാശിവന്റെ, ഈശ്വരൻ എന്നീ ഭൂമികകളിൽ കാണപ്പെടുന്ന ശുദ്ധവേദന രൂപമായി വിദ്യാതത്ത്വത്തിൽ കരണമായിത്തീരുകയും ഇനി പറയാൻപോകുന്ന മായ മുതൽ പൃഥിവി വരെയുള്ള തത്ത്വ സൃഷ്ടിക്ക് കാര്യമാകുകയും ചെയ്യുന്നു. ഇപ്രകാരം കർത്താവ്, (സദാശിവൻ, ഈശ്വരൻ) കരണം, (വിദ്യ) ക്രിയ (മായ മുതൽ പൃഥിവി വരെ) എന്നീ രൂപങ്ങളിൽ ഒരേയൊരു പരപ്രമാതാവ് സ്വാത്മമഹേശ്വരനെന്ന പേരിൽ പ്രകാശിക്കപ്പെടുന്നു.

(തുടരും)



RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash